Kandanad
Diocesan
# BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

**Vol. 5 No. 9, 15 September 2017**

എഡിറ്റോറിയൽ

## ഓണം ഉയർത്തുന്ന വെല്ലുവിളി

**ഇ**ത് ഓണക്കാലം. അതുകൊണ്ട് ഓണത്തെപ്പറ്റിയാകട്ടെ ഇത്തവണത്തെ എഡിറ്റോറിയൽ എന്നു കരുതി. എന്താണ് ഓണം? അതിന്റെ ആരംഭമെങ്ങനെ? ഓണത്തിന്റെ പ്രാധാന്യമെന്താണ്? ഓണം ഉയർത്തുന്ന വെല്ലുവിളിയെന്ത്? ആരോടാണ് ആ വെല്ലുവിളി? അതിനോടു എങ്ങനെ പ്രതികരിക്കണം? എന്നൊക്കെ ഈ തിരുവോണക്കാലത്ത് ചിന്തിക്കുന്നത് ഉചിതമായിരിക്കുമല്ലോ.

കേരളത്തിന്റെ ചരിത്രാതീതകാല ചരിത്രത്തിലെ ഒരു സുവർണ്ണ കാലഘട്ടത്തിന്റെ മധുരിക്കുന്ന സ്മരണയാണ് തിരുവോണം. അതു മലയാളികളുടെ ദേശീയോത്സവമാണ്. ലോകത്തെമ്പാടുമുള്ള മലയാളികൾ ജാതി-മത, കുബേര-കുചേല ഭേദമെന്യേ ഇതാഘോഷിച്ചുവരുന്നു. ഓണം സംബന്ധിച്ച ഐതിഹ്യം പണ്ടുപണ്ട് കേരളം ഭരിച്ചിരുന്ന മഹാബലിച്ചക്രവർത്തിയെ ചുറ്റിപ്പറ്റിയുള്ളതാണ്. അദ്ദേഹത്തിന്റെ ഭരണകാലത്ത് കേരളം സ്വർഗ്ഗതുല്യമായിരുന്നു. ജനങ്ങൾക്കിടയിൽ ഉയർച്ചതാഴ്ചകളൊ, അഴിമതി അക്രമങ്ങളൊ, ചതി-ശണ്ഠകളൊ ഒന്നുമുണ്ടായിരുന്നില്ല. സമ്പൽ സമൃദ്ധിയുടെയും ക്ഷേമൈശ്വര്യങ്ങളുടെയും, നീതിസമാധാനങ്ങളുടെയും നാടായിരുന്നു കേരളം അന്ന്. ആ നല്ല കാലത്തെ വർണ്ണിക്കുന്ന ഒരു കവിത കേരളാന്തരീക്ഷത്തിലാകെ ഓണനാളുകളിൽ ഒഴുകി നടക്കുന്നു. ഒരുനാൾ ചതിയിൽ തോല്പിക്കപ്പെട്ട മഹാബലി പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തപ്പെട്ടു. എങ്കിലും അദ്ദേഹം എല്ലാ വർഷവും ചിങ്ങമാസത്തിലെ തിരുവോണനാൾ തന്റെ പ്രിയപ്പെട്ട ജനങ്ങളെ കാണുവാൻ വേണ്ടി തിരിച്ചെഴുന്നുള്ളുന്നു എന്നാണ് ജനങ്ങളുടെ വിശ്വാസം. അദ്ദേഹത്തിന് കേരളജനത ആർഭാടപൂർവ്വം നൽകുന്ന വരവേൽപ്പാണ് ഓണാഘോഷം. വിഭവസമൃദ്ധമായ ഓണസദ്യ, ആബാലവൃദ്ധം ജനങ്ങൾ പങ്കുചേരുന്ന ഓണക്കളികൾ, കലാപരിപാടികൾ, കേരളത്തനിമ പുലർത്തുന്ന സാംസ്കാരികഘോഷയാത്രകൾ, മഹാസമ്മേളനങ്ങൾ, പ്രദർശനങ്ങൾ, അഭ്യാസപ്രകടനങ്ങൾ എന്നിവയെല്ലാം ഗ്രാമനഗരവ്യത്യാസമില്ലാതെ മലയാളികൾ വസിക്കുന്നിടത്തെല്ലാം അരങ്ങേറുന്നു. കുമ്പാസും കുംഭനിറയ്ക്കലും ആർപ്പും ധൂർത്തുമെല്ലാം വിളിച്ചോതുന്ന ആഘോഷങ്ങളാണെവിടെയും. ഓണം കഴിഞ്ഞാൽ എല്ലാം ശാന്തം. വിജനമാണെവിടെയും. ആർഭാടവും ആഡംബരവുമെല്ലാം എരിഞ്ഞടങ്ങിയപോലെ.

ഓണാഘോഷങ്ങളുടെ മട്ടുമാറണമെന്നു തോന്നുന്നു. അതിന് ഓണത്തിന്റെ ആത്മാവിനെ കണ്ടെത്തണം. വെടിക്കെട്ടുപോലെ കെട്ടടങ്ങുന്ന ഓണാഘോഷംകൊണ്ടു കാര്യമില്ല. സ്ഥായിയായ ഫലം സൃഷ്ടിക്കുന്ന ആഘോഷങ്ങളാണ് നമുക്കു വേണ്ടത്. ഇതുവരെയുള്ള ഓണാഘോഷങ്ങൾകൊണ്ട് എന്തു നേട്ടമാണ് ഉണ്ടായത്? ഓർത്താലൊന്നുമില്ല. നഷ്ടങ്ങളുടെ പരമ്പരമാത്രം. ഈ നില മാറണം. അതിന് ഓണത്തിന്റെ സന്ദേശം തിരിച്ചറിയണം.

എന്താണ് ഓണത്തിന്റെ സന്ദേശം? അതിന്റെ വെല്ലുവിളി തന്നെയാണതിന്റെ സന്ദേശം. എന്താണതിന്റെ വെല്ലുവിളി? വർത്തമാനകേരളത്തെ മഹാബലിനാടാക്കി മാറ്റുവാൻ നിങ്ങൾക്കു സാധിക്കുമൊ?

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ഓണം ഉയർത്തുന്ന വെല്ലുവിളി** .................. 1

**ഈ ജൂബിലി അർത്ഥവത്താക്കുക** ............. 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**അത്ഭുതങ്ങളുടെ റോമാ നഗരം** ................ 8
കമാണ്ടർ റ്റി. ഒ. ഏലിയാസ്

**സമാധാനം അന്വേഷിച്ച് ബേറൂട്ടിൽ** ........ 11
ഡോ. തോമസ് മാർ അത്താനാസ്യോസ്

**പ്രാദേശിക ഇടവക:**
**ദൗത്യത്തിന്റെ ഇടം** .................................... 12
ഫാ. ഡോ. രാജൻ ജോർജ്, നിറയന്നൂർ

**മഹാനായ**
**പോൾ ജൂലിയസ് റോയിട്ടർ** .................... 14
തോമസ് എബ്രഹാം, മല്ലപ്പിള്ളി

**വാർത്തകൾ, അറിയിപ്പുകൾ** ................... 16


അതാണ് ഓണത്തിന്റെ വെല്ലുവിളി. അതായത് മഹാബലിയുടെ ഭരണകാലത്തെ കേരളത്തെ പുനഃസൃഷ്ടിക്കുകയാണ് ഓണം ഉയർത്തുന്ന വെല്ലുവിളി. അതിനെ ധീരമായി ഏറ്റെടുക്കുകയായിരിക്കണം നമ്മുടെ ഓണാഘോഷങ്ങൾ. കേവലം ചെപ്പടി വിദ്യകൾകൊണ്ട് ഇതിനെക്ഷേമൈശ്വര്യങ്ങളുടെ നൈമിഷിക പ്രകടനമാക്കരുത്. മറിച്ച്, മഹാബലിയുടെ ഭരണകാലത്ത് ജനങ്ങൾ അനുഭവിച്ചിരുന്ന നന്മകൾ അതേപടി കേരളത്തിന്റെ മണ്ണിൽപുനഃസ്ഥാപിക്കുന്നതിനുള്ള ആത്മാർത്ഥവും ധീരവുമായ ചുവടുവെപ്പായി മാറണം നമ്മുടെ ഓരോ ഓണാഘോഷവും.

ഓണം ഭരണവിജയത്തിന്റെ സന്ദേശമാണ് നൽകുന്നത്. മഹാബലി ഒരു ചക്രവർത്തിയായിരുന്നു. ഒരു ഏകാധിപതിയായിരുന്നു, സർവ്വോപരി ഒരു അസുരനായിരുന്നു. ഉപരിസിദ്ധികളുള്ള ദേവഗണത്തിന്റെ എതിർപ്പുകൾക്കും ചതിപ്രയോഗങ്ങൾക്കും ഇടയിലാണ് അസൂയാവഹമായ ഭരണവിജയം മഹാബലി കൈവരിച്ചത്. അദ്ദേഹത്തിന്റെ അനന്യമായ ഭരണസാമർത്ഥ്യമാണ് ഇതു വിളിച്ചോതുന്നത്. സുഗമമായ ഒരു ഭരണവ്യവസ്ഥ രൂപപ്പെടുത്തിയെടുക്കുവാൻ വിരുദ്ധതകൾക്കിടയിലും ഏകാകിയായ അദ്ദേഹത്തിനു സാധിച്ചു.

മഹാബലിയുടെ കാലത്തെ കേരളനാടിനെ പുനർസൃഷ്ടിക്കുവാൻ ശ്രമം നടക്കാത്ത ഓണാഘോഷം നിരർത്ഥകമാണ്. അതു മുമ്പു സൂചിപ്പിച്ചതുപോലെ ഒരു ഏകദിനക്ഷേമപ്രകടനമാണ്. അത്തരം ആഘോഷം ആത്മഹർഷം നൽകുന്നില്ല. അതു നമ്മുടെ ഇന്ദ്രിയങ്ങളെ തഴുകി ഒരാചാരമെന്നപോലെ കടന്നുപോവുകയേയുള്ളൂ. മഹാബലിയുടെ കേരളത്തെ മാതൃകയാക്കികൊണ്ട് അതിന്റെ സംസ്ഥാപനത്തിലേക്കുള്ള ആസൂത്രിത നീക്കമാണ് ഓണാഘോഷം വഴി നടക്കേണ്ടത്.

അസുര ചക്രവർത്തിയായിരുന്ന മഹാബലിയുടെ ഭരണത്തെ പിന്തുണക്കാനോ, ഭരണനേട്ടങ്ങളെ അംഗീകരിക്കാനോ, അന്നത്തെ പ്രതിപക്ഷമായിരുന്ന ദേവഗണം തയ്യാറായിരുന്നില്ല. ഇന്നും മാറിമാറിവരുന്ന പ്രതിപക്ഷം ഈ നയമാണ് തുടർന്നുവരുന്നത്. രാജ്യനന്മതങ്ങളിൽക്കൂടി മാത്രമേ ഉണ്ടാവുകയുള്ളൂ- ഉണ്ടാകാവൂ-എന്ന ഇന്നത്തെ രാഷ്ട്രീയപാർട്ടികളുടെ നിലപാടായിരുന്നു അന്നത്തെ ഭരണ-പ്രതിപക്ഷങ്ങളായ ദേവാസുരന്മാർക്കും ഉണ്ടായിരുന്നെന്നുവേണം കരുതാൻ.

ഓണത്തിന്റെ ഐതിഹ്യം സത്യമൊ മിഥ്യയൊ ആകട്ടെ. അതു നൽകുന്ന ഉൾക്കാഴ്ചകൾ നാം ഗൗരവമായി എടുക്കേണ്ടതാണ്. വാമനൻ ചതി പ്രയോഗിച്ചാണ് മഹാബലിയെ പരാജയപ്പെടുത്തിയത്. എന്നാൽ തന്നെ തോൽപ്പിച്ച രീതിയിൽ അദ്ദേഹം പ്രതിഷേധിച്ചില്ല. പരാജയം അംഗീകരിച്ച് ശിക്ഷ ഏറ്റുവാങ്ങുകയാണുണ്ടായത്.

*(ശേഷം 7-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# ഈ ജൂബിലി അർത്ഥവത്താക്കുക

മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായിരുന്നു മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി. എന്നാൽ സ്ലീബാദാസ സമൂഹവുമായുള്ള ബന്ധത്തിലാണ് അഭി. പിതാവ് കുടുതൽ അറിയപ്പെടുന്നത്. ആ പ്രസ്ഥാനത്തിന് രൂപം കൊടുക്കുകയും പല ദശാബ്ദക്കാലം അതിനെ നയിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ 50-ാം ചരമവാർഷികം സമുചിതമായി ആഘോഷിക്കുവാൻ 2017 ആഗസ്റ്റ് രണ്ടാം വാരത്തിൽ നടന്ന മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനമെടുത്തിട്ടുണ്ട്. തന്നെ സാക്ഷിക്കുകയും തന്നിൽ വിശ്വസിക്കുന്നവരെ സഭയോടു ചേർക്കുകയും ചെയ്യുക എന്ന യേശുക്രിസ്തുവിന്റെ വിയോഗസന്ദേശം ചരിത്രത്തിൽ ഉടനീളം വിസ്മരിച്ച സഭയാണ് നമ്മുടേത്. ഈ അടിസ്ഥാനനിയോഗം സ്വന്ത ജീവിതവും പ്രവർത്തനങ്ങളും വഴി സഭയെ അനുസ്മരിപ്പിക്കുകയും അനേകരെ ക്രിസ്തുവിലേയ്ക്ക് ആനയിക്കുകയും അങ്ങനെ സഭയുടെ വിളിയെക്കുറിച്ച് അദ്ദേഹം അതിനെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഒരു സുപ്രധാന ദൗത്യമാണ് മാർ ഒസ്താത്തിയോസ് നിർവ്വഹിച്ചത്. പരമ്പരാഗത സഭാജിവിതത്തിനും ശുശ്രൂഷയ്ക്കും തിരുത്തു നൽകി സഭയെ അതിന്റെ മൂലനിയോഗങ്ങൾ ഓർമ്മപ്പെടുത്തുവാൻ യത്നിച്ച ഒരു അസാധാരണ മനുഷ്യന്റെ അനുസ്മരണമാണ് ഈ സുവർണ്ണ ജൂബിലി വർഷം നടക്കേണ്ടത്. വരുംകാലങ്ങളിൽ സഭയ്ക്ക് സാക്ഷ്യവും ദിശാബോധവും സൃഷ്ടിച്ചെടുക്കുവാൻ ആ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ മുഖാന്തരമാകട്ടെ.

ക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതം, സന്ദേശം എന്നിവ ജാതീയവും സാമൂഹ്യവുമായ മേഖലകളിൽ തിരസ്കൃതരായി കഴിഞ്ഞുകൂടിയിരുന്ന കേരളത്തിലെ ദളിത് വിഭാഗങ്ങളിൽ എത്തിച്ച് സുവിശേഷത്തെ അവർക്ക് വിമോചനമാർഗ്ഗമായി ബോധ്യപ്പെടുത്തുവാൻ മാർ ഒസ്താത്തിയോസിനു സാധിച്ചു. ഇത് ഈ സഭയിൽ മുമ്പാർക്കും കഴിയാതിരുന്ന കാര്യമാണ്. അതുവരെ കേരളത്തിലെ ജാതി-സമുദായ ഘടനയിൽ ഉപരിവർഗ്ഗങ്ങളിലൊന്നായി സ്വയം പ്രതിഷ്ഠിച്ച് അധഃകൃതരിൽ നിന്ന് സഭയിലേയ്ക്ക് പരിവർത്തനം നിരുത്സാഹപ്പെടുത്തിയിരുന്ന ചരിത്രമാണ് മലങ്കര സഭയ്ക്ക് ഉണ്ടായിരുന്നത്.

പാശ്ചാത്യരായിരുന്ന കത്തോലിക്ക, പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രേഷിത പ്രവർത്തനങ്ങൾ ഈ സഭയെ കാര്യമായി സ്വാധീനിച്ചിരുന്നില്ല. സവർണ്ണരെപ്പോലും സുവിശേഷം അറിയിക്കുവാനൊ, കീഴ് ജാതിക്കാരെ സഭാജീവിതത്തിലേയ്ക്ക് നയിക്കുവാനോ ശ്രദ്ധിക്കാതെ, ഒരു ഉപരി ജാതിസമുദായം എന്ന നിലയിൽ കഴിയുവാൻ മാത്രമേ സഭ താല്പര്യപ്പെട്ടിരുന്നുള്ളൂ. ഈ നിലപാടിൽ സഭ ഇന്നും സ്വയം അഭിമാനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ദളിത് വിഭാഗങ്ങളെ കൂട്ടമായി മലങ്കര സഭയിലേയ്ക്ക് എത്തിച്ച് അവരെ ജാതിവിമുക്തമാക്കുവാൻ ശ്രമിച്ച മാർ ഒസ്താത്തിയോസിന്റെ സേവനം മലങ്കരസഭയിൽ സമാനതയില്ലാത്തതായി കാണാവുന്നതാണ്.

മലങ്കര സഭ ഇന്നും ഈ ജാതിവ്യവസ്ഥയുടെ തടവറയിൽ തന്നെയാണ് എന്ന ദുഃഖസത്യം അവശേഷിക്കുന്നു. ദളിത് വിഭാഗങ്ങളിൽ നിന്ന് സഭയിൽ ചേർന്നവരെ സമഭാവത്തോടെ ഉൾക്കൊള്ളുവാൻ സഭയ്ക്ക് ആവുന്നില്ല. അങ്ങനെയുള്ള ഒരു സഭയ്ക്ക് എങ്ങനെ ജാതിവ്യവസ്ഥയുടെ ചുറ്റുമതിൽ തകർത്ത മാർ പത്രോസ് ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ജൂബിലി അർത്ഥവത്തായി ആഘോഷിക്കാനാവും? മലങ്കരസഭ അതിന്റെ ബ്രാഹ്മണ-സവർണ്ണ പൈതൃകം സവിശേഷതയായി ഉയർത്തിക്കാണിച്ച് അതിൽ ഊറ്റം കൊള്ളുമ്പോൾ സത്യത്തിൽ ഈ ദളിത് വിഭാഗത്തിന്റെ സഭയിലെ സാന്നിധ്യം തള്ളിപ്പറയുക തന്നെയാണ് ചെയ്യുന്നത്. സ്ലീബാദാസസമൂഹത്തെ ഇന്നും ഒരു ആശ്രിതക്കൂട്ടവും, ബാധ്യതയുമായിട്ടാണ് മലങ്കരസഭ കാണുന്നത്. പിന്നാക്ക വിഭാഗങ്ങളെ സഭയിൽ ചേർത്ത് അതിന്റെ സവർണ്ണ സ്വത്വത്തിന് കളങ്കം വരുത്തി എന്ന ചിന്തയാണ് ആ സമൂഹത്തോടുള്ള വിവേചനസമീപനത്തിന് പിന്നിലുള്ളത്. ദളിത് ഓർത്തഡോക്സ് അംഗങ്ങളുടെ സാരമായ സാന്നിധ്യം വിസ്മരിച്ചുകൊണ്ട് മലങ്കര സഭയുടെ സവർണ്ണ പാരമ്പര്യം ഉയർത്തിക്കാണിക്കുവാൻ ശ്രമിക്കുമ്പോൾ ശക്തമായ ദളിത് വിവേചനത്തിന്റെ ദൃശ്യമാണ് പ്രകടമാകുന്നത് എന്ന് ഓർക്കണം. വിവിധ ജാതി, സംസ്ക്കാരത്തിൽ പെട്ടവർ വ്യത്യസ്ത കാലങ്ങളിൽ യോജിച്ച് പല കാലഘട്ടങ്ങളിലൂടെ രൂപം കൊണ്ട ഒരു inclusive സഭാസമൂഹമായി സ്വയം മനസ്സിലാക്കുവാനും, നിലനിന്നുവരുന്ന ധാരണയ്ക്ക്

തിരുത്തൽ വരുത്തുവാനുമുള്ള വിനയം സഭയ്ക്കുണ്ടായാൽ മാത്രമേ മാർ ഒസ്താത്തിയോസിന്റെ ജൂബിലി ആഘോഷിക്കുന്നതിനുള്ള അർഹത മലങ്കര സഭയ്ക്ക് സിദ്ധിക്കുകയുള്ളൂ. ദളിത് സഭാംഗങ്ങളുടെ സഭയിലെ സാന്നിധ്യം അവഗണിക്കുകയും സവർണ്ണ പാരമ്പര്യം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന സഭയ്ക്ക് എന്തിന്റെ അടിസ്ഥാനത്തിലാണ് ആ പിതാവിന്റെ ജീവിതവും ശുശ്രൂഷയും അദ്ദേഹത്തിന്റെ ചരമ ജൂബിലിയിൽ ആഘോഷമാക്കുവാൻ സാധിക്കുക?

ഓർമ്മ ദിവസം വമ്പിച്ച ജനാവലിയും കബറിങ്കൽ ധാരാളം പണവും വന്നുചേർന്നാൽ അവിടെ കബറടക്കം ചെയ്യപ്പെട്ടിരിക്കുന്ന മേൽപട്ടക്കാർ സിദ്ധരായി മാറുന്നു. സഭയ്ക്ക് പ്രത്യേക താല്പര്യമുള്ളവരെ സഭ തന്നെ മുൻകൈ എടുത്ത് 'സിദ്ധന്മാരാ'ക്കുന്ന സാഹചര്യമൊരുക്കുകയും ചെയ്യും. എന്നാൽ മാർ ഒസ്താത്തിയോസിന്റെ കബറിങ്കൽ വേണ്ടത്ര പണമെത്തുന്നില്ല. വലിയ ജനാവലിയും വന്നു കൂടുന്നില്ല. ഇത് സ്വഭാവികമാണ് എന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തെ സിദ്ധനാക്കാൻ സഭാനേതൃത്വത്തിന് വലിയ താത്പര്യമില്ല. അദ്ദേഹത്തിന്റെ ദളിത് ബാന്ധവം വിശ്വാസികൾക്ക് ആകർഷകവുമല്ല. ആ പിതാവിന്റെ വിശുദ്ധിയുടെ കുറവല്ല ഇതിനു കാരണം. അദ്ദേഹത്തിന്റെ ജീവിതത്തോടും പ്രവർത്തനത്തോടുമുള്ള സഭാനേതൃത്വത്തിന്റെയും സഭാംഗങ്ങളുടെയും തണുത്ത പ്രതികരണമാണ് ഇതിനടിസ്ഥാനം. ദൈവനിയോഗത്തോടും സുവിശേഷത്തോടുമുള്ള തികഞ്ഞ വിശ്വസ്തതയാണ് വ്യക്തിവിശുദ്ധിയുടെ അടിത്തറ എന്നത് ഇന്നും സഭയ്ക്ക് അജ്ഞാതമാണ്. ആചാരാനുഷ്ഠാനങ്ങളുടെ നിർവ്വഹണം വിശുദ്ധിയുടെ മാനദണ്ഡമായി ഇന്നും പരിഗണിക്കുന്ന സഭയ്ക്ക് പത്രോസ് ഒസ്താത്തിയോസ് എന്ന വിശുദ്ധനെ കണ്ടെത്താനാവില്ല. അദ്ദേഹം പ്രതിനിധാനം ചെയ്ത ആശയങ്ങളോടും അദ്ദേഹം അവലംബിച്ച കാഴ്ചപ്പാടുകളോടും പ്രതിബദ്ധത പുലർത്തിയാണ് ജൂബിലിയുടെ ഭാവവും സന്ദേശവും ആവിഷ്കരിക്കേണ്ടത്.

മലങ്കരസഭയുടെ കാഴ്ചപ്പാടിനും സ്വയം ദർശനത്തിനും മാറ്റം ഉണ്ടാകേണ്ടതുണ്ട്. മാർ തോമ്മാശ്ലീഹായുടെ കാലം മുതൽ ഇവിടെ നിലനിന്നുവരുന്ന സവർണ്ണ ക്രൈസ്തവസമൂഹമായി മലങ്കരസഭ സ്വയം വിലയിരുത്തി. ആ ചരിത്രാവബോധത്തിൽ അഭിരമിക്കുകയും, ചരിത്രപരമായി സ്ഥിതീകരണമില്ലാത്ത ബ്രാഹ്മണിക ഉല്പത്തിയും സവർണ്ണ സ്വയാവബോധവും സഭയിൽ നിലനിർത്തുകയും ചെയ്യുമ്പോൾ ജാതിവരമ്പുകൾ തകർത്ത് ദളിതരുമായി ഐക്യദാർഢ്യം പ്രഖ്യാപിച്ച് സഭയുടെ ആഢ്യത്വസങ്കല്പത്തിന് കോട്ടം വരുത്തിയ മനുഷ്യന്റെ ഓർമ്മ എങ്ങനെ ആത്മാർത്ഥതയോടെ ആഘോഷിക്കാനാവും? അടിസ്ഥാനനിയോഗമായി സുവിശേഷീകരണത്തെ കണ്ടെത്തി, തിരസ്കൃതരായ ദളിതരെ വിശ്വാസകൂട്ടായ്മയിലേയ്ക്കും വിമോചനത്തിലേയ്ക്കും ആനയിക്കാൻ ശ്രമിച്ച യഥാർത്ഥ സാക്ഷ്യനിർവ്വഹണമാണ് മാർ ഒസ്താത്തിയോസിനാൽ നിറവേറ്റപ്പെട്ടത് എന്ന തിരിച്ചറിവിലേക്കാണ് സഭ എത്തിച്ചേരേണ്ടത്. സാമ്പ്രദായിക സഭാജീവിതത്തിൽ തിരുത്തലിനായി ഉദ്യമിച്ച് സഭയിൽ പരിശുദ്ധാത്മാവിന്റെ ഇടപെടലിന് സാഹചര്യം ഒരുക്കിയ മനുഷ്യൻ എന്ന നിലയിൽ മാർ ഒസ്താത്തിയോസിനെ മനസ്സിലാക്കാൻ ശ്രമിച്ചാൽ മലങ്കരസഭയ്ക്ക് ദൈവദാനമായി ലഭിച്ച ഏറ്റവും വലിയ പരിശുദ്ധൻ അദ്ദേഹമാണെന്ന് സഭ പ്രഖ്യാപിക്കേണ്ടിവരും. ജീവിതകാലം മുഴുവൻ ക്രിസ്തുബന്ധത്തിൽ നിന്ന് ഊർജ്ജമുൾക്കൊണ്ട് മലങ്കരസഭയെ ഒരു വിമോചനരക്ഷാസംരംഭമാക്കുവാൻ അദ്ദേഹം ശ്രമം നടത്തി, ദളിതർക്ക് സഭാംഗത്വം നൽകി സമഗ്രരക്ഷയിലേയ്ക്ക് വഴി തുറക്കുകയായിരുന്നു. ഈ വസ്തുതയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അദ്ദേഹത്തിന്റെ ചിന്തയ്ക്കും ദർശനത്തിനും കാലികചുറ്റുപാടിൽ കർമ്മരൂപം നൽകുകയാണ് ജൂബിലി ആഘോഷത്തിൽ സഭ ലക്ഷ്യമിടേണ്ടത്.

തോമസ് അപ്പോസ്തലനുശേഷം ഇത്ര ശക്തവും ഫലപ്രദവുമായ പ്രേഷിതപ്രവർത്തനം നടത്തിയ മറ്റാരെയും കുറിച്ച് മലങ്കരസഭയുടെ ചരിത്രത്തിൽ കാണാനാവില്ല. മാർ തോമ്മാശ്ലീഹാതന്നെ അന്നത്തെ മേൽജാതിക്കാരുടെ ഇടയിൽ തന്റെ സുവിശേഷവേല പരിമിതപ്പെടുത്തിയെന്നാണല്ലോ പാരമ്പര്യം. എന്നാൽ മാർ ഒസ്താത്തിയോസ് തന്റെ ശുശ്രൂഷ സമൂഹം ഭ്രഷ്ടരാക്കിയവർക്കിടയിലും സാമൂഹിക സാമ്പത്തിക-സാംസ്കാരിക-വിദ്യാഭ്യാസതലങ്ങളിലെ പിന്നാക്കക്കാർക്ക്‌വേണ്ടിയുമാണ് നിർവ്വഹിച്ചത്. അതുകൊണ്ട് അതിനെ അടിച്ചമർത്തപ്പെട്ടവരുടെ സമഗ്രരക്ഷാ-വിമോചനപ്രക്രിയയായി മനസ്സിലാക്കണം. അതായത് സഭയുടെ മൂലവിളി തിരിച്ചറിഞ്ഞ്, സവർണ്ണസുറിയാനിക്രിസ്ത്യാനികളുടെ അനിഷ്ടം വകവയ്ക്കാതെ, കേരള സമൂഹത്തിലെ അധഃകൃതരെ വീണ്ടെടുക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമായിരുന്നു അദ്ദേഹത്തിന്റെ സുവിശേഷീകരണം. കീഴാളരെ മത-ആരാധനാ നിരോധനങ്ങളിൽ നിന്നും, സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലെ നിരാസങ്ങളിൽ നിന്നും വിമോചിപ്പിച്ച് ക്രിസ്തുവിൽ സ്വാതന്ത്ര്യം നൽകാൻ മാർ ഒസ്താത്തിയോസിന്റെ അദ്ധ്വാനവും അതിൽ അദ്ദേഹം കൈവരിച്ച വിജയവും സമകാലീന സഭയുടെ ചരിത്ര

ത്തിൽ ബോധ്യപ്പെട്ടതായി തോന്നുന്നില്ല.

മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കാലം ചെയ്ത ശേഷം അദ്ദേഹം തുടങ്ങിവച്ച പ്രസ്ഥാനം ഒട്ടുംതന്നെ വളർന്നതായി അവകാശപ്പെടാനാവില്ല. അതിന്റെ ഘടനാപരമായ രൂപവും സംവിധാനവും നിലനിന്നു എന്നതുകൊണ്ടുമാത്രം ഉദ്ദേശ്യസാഫല്യമായില്ലല്ലോ. നിലവിലിരുന്ന പ്രവർത്തനങ്ങൾ അതേപടി, ചട്ടപ്രകാരം തുടരുന്നുണ്ട് എന്നത് സത്യമാണ്. എന്നാൽ സ്ലീബാദാസ സമൂഹത്തിന് രൂപം നൽകിയ പിതാവിന്റെ ചാലക സാന്നിധ്യം, പുരോഗമനചിന്ത, കരുതൽ ഇവയുടെ അഭാവം കാര്യമായി അനുഭവപ്പെടുന്നു. അനേകർ തങ്ങളോട് കൂടുതൽ കനിവും ശ്രദ്ധയും പ്രകടിപ്പിച്ച സഭകളിൽ ചേക്കേറി. പലരും തങ്ങളുടെ പൂർവ്വ സമൂഹങ്ങളിലേയ്ക്ക് തിരികെപ്പോയി. മറ്റു ചിലർ ഒന്നിലുമില്ലെന്നായി. സഭയിൽ തുടർന്നവർക്ക് ഔദാര്യമല്ലാതെ നീതി, തുല്യത, അംഗീകാരം എന്നിവയൊന്നും ലഭ്യമായി എന്നു പറയാനാവില്ല. മാത്രമല്ല മതപരിവർത്തനത്തിന്റെ പേരിൽ സർക്കാരിൽ നിന്ന് ലഭ്യമാകേണ്ട പല സാമ്പത്തിക-സംവരണ ആനുകൂല്യങ്ങളും നഷ്ടമായി. അവരുടെ പരിദേവനങ്ങളും പരാതികളും സ്ലീബാദാസ സമൂഹത്തിന്റെ യോഗങ്ങളിൽ മാത്രം മാറ്റൊലിക്കൊണ്ടു. അവ ശ്രദ്ധിക്കാൻ സഭാ നേതൃത്വവും അംഗങ്ങളും ശ്രദ്ധിക്കാറില്ല. ദളിത് വിശ്വാസികൾ സഭയുടെ ബാധ്യതയായിപ്പോലും ചിത്രീകരിക്കപ്പെട്ടു. അവർക്കു നല്കപ്പെടുന്ന നിസ്സാര സഹായങ്ങൾ പോലും മലങ്കരസഭയുടെ വലിയ ഔദാര്യമായി കൊട്ടിഘോഷിക്കപ്പെടുന്നു. ഇതെല്ലാം അവരിൽ ഐതര്യവും അന്യതാബോധവും സൃഷ്ടിക്കപ്പെടാൻ മാത്രമേ ഉപകരിച്ചുള്ളൂ. സഭാനേതൃത്വത്തിലുള്ളവർക്കും സഭാംഗങ്ങൾക്കും സ്ലീബാദാസസമൂഹത്തിന്റെ മനസ്സ് വായിച്ചറിയാൻ കഴിയാതെ പോകുന്നത് ദുഃഖകരമാണ്.

ഈ നാട്ടിലെ ദളിത് വിഭാഗങ്ങളെ ഇവിടത്തെ സവർണ്ണ ഹിന്ദുക്കൾ ചെയ്തതുപോലെ നമ്മുടെ പൂർവ്വികരും ചൂഷണം ചെയ്തിരുന്നു. അവരെ വിടുതലിലേക്കും രക്ഷയിലേക്കും നയിക്കേണ്ടവർ തന്നെ അവരെ അടിമകളാക്കി ജോലി ചെയ്യിപ്പിച്ച് നേട്ടമുണ്ടാക്കി. ക്രിസ്തീയ വിമോചനസുവിശേഷം നമ്മെ സംബന്ധിച്ച് വെറും ഉപരിതല സ്പർശിയായ പ്രതിഭാസം മാത്രമായിരുന്നു. നമുക്ക് സവർണ്ണരുടെ ചങ്ങാത്തവും അംഗീകാരവുമായിരുന്നു വേണ്ടിയിരുന്നത്! സവർണ്ണ ഹിന്ദുക്കൾ നല്കിയ സാമൂഹ്യ അംഗീകാരത്തിൽ സ്വയം അഭിമാനിച്ച പിൻതലമുറക്കാരുടെ പാതയിലാണ് നാം ഇന്നും. നൂറ്റാണ്ടുകൾ ഈ വർഗ്ഗത്തെ അടിമകളാക്കി എല്ലാവിധത്തിലും മുതലെടുത്തതിന്റെ കുറ്റബോധവും അതു സൃഷ്ടിക്കേണ്ട അനുതാപവും നമ്മെ തെല്ലും ബാധിച്ചിട്ടില്ല. ക്രിസ്തീയ സുവിശേഷം നൽകേണ്ട സമഗ്രവിമോചനത്തിന്റെ പൊരുൾ തിരിച്ചറിയാതെ സമസൃഷ്ടികളെ അടിമകളാക്കി സാമ്പത്തികനേട്ടവും അധീശത്വസുഖവും ആസ്വദിച്ച പൂർവ്വപിതാക്കന്മാർ ചെയ്തത് പിശകായിരുന്നു എന്നു തിരിച്ചറിഞ്ഞ് ആ പിതാക്കന്മാർക്കുവേണ്ടി ആ സമൂഹത്തോട് മാപ്പ് ചോദിക്കേണ്ടവരാണ് ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികൾ. സ്ലീബാദാസരെ ഒരു ബാധ്യതയും ആശ്രിതസമൂഹവുമായി ഇന്നും നാം കണക്കാക്കുന്നത് ഈ തിരിച്ചറിവിലേക്ക് ഇതുവരെ എത്താത്തതിനാലാണ്. ആ കാരണത്താൽ തന്നെയാണ് പത്രോസ് ഒസ്താത്തിയോസ് തിരുമേനിയെ നാം അധഃകൃത സമൂഹത്തിന്റെ മെത്രാപ്പോലീത്തയായി ഗണിക്കുന്നത്. ഈ വിഷയത്തിലും സ്ലീബാദാസ സമൂഹത്തോടുമുള്ള മലങ്കര സഭയുടെ മനോഭാവത്തിലും സമീപനത്തിലുമാണ് അടിയന്തരമായി മാറ്റം വരേണ്ടത്.

മാർ ഒസ്താത്തിയോസ് തന്റെ കുടുംബ-വിദ്യാഭ്യാസ-സാംസ്കാരിക പിന്നാമ്പുറവും ധിഷണാപരമായ ഔന്നത്യവും നിലനില്ക്കെത്തന്നെയാണ് ദളിത് വർഗ്ഗത്തോട് ഐക്യദാർഢ്യപ്പെട്ടത്. ദളിതരെ സഭയുടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ഔദാര്യ സമീപനമല്ല സഭ നടത്തേണ്ടത്. ദളിത് വിഭാഗത്തോടൊപ്പം ആയിത്തീരുകയാണ് സഭ ചെയ്യേണ്ടത്. മനുഷ്യനെവീണ്ടെടുക്കുവാനായി വചനം ജഡമായിതീർന്നതാണ് പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരം. അതാണ് ക്രൈസ്തവ വേദശാസ്ത്രത്തിന്റെ മർമ്മം. ഈ ആശയമാണ് സഭയുടെ ദളിത് ബന്ധത്തിലും ജഡംധരിക്കേണ്ടത്. ദളിത് ക്രിസ്ത്യാനികളെ നമ്മുടെ ഭാഗമാക്കുകയല്ല; മറിച്ച് എണ്ണത്തിലും, സമ്പത്തിലും, അധികാരത്തിലുമെല്ലാം ഉയർന്നവരായ നാം ദളിത് ക്രിസ്ത്യാനികളുടെ ഭാഗമായിത്തീരുവാനാണ് ശ്രമിക്കേണ്ടത്. അപ്പോൾ സഭ സമൂഹത്തിൽ വെല്ലുവിളിയായി മാറും. ക്രിസ്തുസാക്ഷ്യമെന്തെന്ന് നാം അടങ്ങുന്ന സമൂഹം തിരിച്ചറിയും. സുവിശേഷത്തിന്റെയും സാക്ഷ്യത്തിന്റെയും പൊരുൾ കണ്ടെത്തി, സഭാജീവിതത്തിന് മാതൃക കാണിച്ച് സഭയ്ക്ക് ദിശാബോധം നൽകിയ ദാർശനികനായ ഈ പിതാവിന് കിടപിടിക്കാൻ ഭൂത-വർത്തമാനകാലങ്ങളിൽ മലങ്കരസഭയിൽ ആർക്കാണ് സാധിച്ചിട്ടുള്ളത്? പുലയക്രിസ്ത്യാനികളുടെ മാടങ്ങളിൽ കയറിച്ചെന്ന് അവരോട് ക്ഷേമാന്വേഷണം നടത്തി, അവരുടെ വിഷമതകൾ കണ്ടറിഞ്ഞ് കഴിയുന്ന സഹായങ്ങൾ നൽകി, മൺചട്ടിയിൽ അവരോടൊപ്പം കഞ്ഞി

കുടിച്ച് ഒരുമിച്ച് പ്രാർത്ഥിച്ച് അവരുടെ ജീവിതവുമായി ഐക്യദാർഢ്യപ്പെട്ട് മനുഷ്യാവതാരത്തിന്റെ സാരാംശം അക്ഷരാർത്ഥത്തിൽ വെളിപ്പെടുത്തിയ, ദൈവസ്നേഹത്തിന്റെ മൂർത്തഭാവമായിരുന്നു മാർ ഒസ്താത്തിയോസ് എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ദളിതരെ സമഗ്രവിമോചനത്തിലേയ്ക്ക് വഴി നടത്താൻ എല്ലാ അർത്ഥത്തിലും ദളിതനായിത്തീർന്ന വ്യക്തിയായിരുന്നു അദ്ദേഹം. ആ പുണ്യപിതാവിനെ 50-ാം ചരമവർഷത്തിൽ യഥോചിതം ആദരിക്കാൻ സാധിക്കണമെങ്കിൽ സഭാംഗങ്ങൾ മുന്നമെ ദളിത്സ്വത്വം സ്വീകരിച്ച് സഭാ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അവരോടൊപ്പം പങ്കാളികളാകുകയാണ് വേണ്ടത്. അതായത് ദളിതരെ ഒരു സാമന്ത വിഭാഗമാക്കി ഉന്നതിയിലെത്തിക്കുവാൻ മാർഗ്ഗമന്വേഷിക്കുകയല്ല വേണ്ടത്. ഗതകാലചൂഷണത്തിന് അവരോടു മാപ്പു ചോദിച്ച് സഭാപ്രവർത്തനങ്ങളുടെ എല്ലാ നിലകളിലും തലങ്ങളിലും അവരെ ഒപ്പം ചേർക്കുകയാണ് ആവശ്യം.

സഭയിൽ ചേർന്നതുവഴി പിൽക്കാലത്ത് ദളിതർക്ക് വന്നുചേർന്ന നഷ്ടങ്ങൾ ചെറുതല്ല. ക്രൈസ്തവരായിത്തീർന്നതോടെ മൂലസമൂഹത്തിൽ അവർ അന്യരായി. സഭയിലാകട്ടെ അവർക്ക് പൂർവ്വ ക്രിസിത്യാനികൾക്കൊപ്പം വേരുറച്ച് ഒന്നായി വളരുവാൻ അവസരം ലഭിച്ചുമില്ല. അക്കാര്യത്തിൽ സവർണ്ണ ക്രിസ്ത്യാനികൾ മനഃപൂർവ്വമായിത്തന്നെ തടസ്സങ്ങൾ സൃഷ്ടിച്ചു. ക്ഷണിച്ചു കൂട്ടിയവരെ തങ്ങളോടൊപ്പം ചേർക്കാതിരുന്നത് ദളിത് ഓർത്തഡോക്സുകാരെ ത്രിശങ്കുപതനത്തിലാക്കി. അതുണ്ടാക്കിയ മനോവ്യഥ അതനുഭവിച്ചവർക്കു മാത്രമേ മനസ്സിലാകൂ. ഇതിനെല്ലാമുപരി അവർക്ക് നിയമപ്രകാരം ലഭിക്കുമായിരുന്ന പല അവസരങ്ങളും ആനുകൂല്യങ്ങളും മതപരിവർത്തനത്തിന്റെ പേരിൽ അവർക്ക് നിഷേധിക്കപ്പെട്ടത് അവരെ സാമ്പത്തിക സാമൂഹ്യ ദുരിതത്തിലാക്കി. ഇവയ്ക്കൊന്നും സമീപഭാവിയിൽ പരിഹാരമാകുമെന്ന് പ്രതീക്ഷ നൽകുന്ന ഒരു നീക്കവും സഭയിൽ നിന്ന് ഉണ്ടാകുന്നില്ല. അവർ അംഗങ്ങളായ മലങ്കര സഭ പോലും അവർക്കു നേരിട്ട സാമ്പത്തികനഷ്ടം പരിഹരിക്കുവാനും അന്യതാബോധത്തിൽ നിന്ന് സ്വതന്ത്രരാക്കുവാനും ഒന്നും തന്നെ ചെയ്യുന്നില്ല. സർക്കാരിൽ നിന്ന് ദളിത് ക്രൈസ്തവർക്ക് ലഭിക്കേണ്ട നീതിയ്ക്കായി ഇതര ക്രൈസ്തവ വിഭാഗങ്ങൾ നടത്തുന്ന പോരാട്ടങ്ങളോടു സഹകരിക്കുവാൻ പോലുമുള്ള നീതിബോധം മലങ്കരസഭ കാണിച്ചിട്ടില്ല. ഇത് സഭയുടെ പ്രവർത്തനപദ്ധതിയുടെ ഭാഗമേ അല്ല. അതുപോലെതന്നെ സഭയുടെ പൗരോഹിത്യ-ഭരണ-വിദ്യാഭ്യാസ-ആതുരശുശ്രൂഷാരംഗങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ അവസരങ്ങൾ അവരുമായി പങ്കുവയ്ക്കുവാനോ, ജോലിക്കുതകുന്ന വിദ്യാഭ്യാസം നൽകുന്നതിനൊ സഭ സന്നദ്ധത പ്രദർശിപ്പിക്കാറില്ല. സഭ ബന്ധമില്ല എന്ന ആരോപണം നിലനിൽക്കുന്ന കോലഞ്ചേരി മെഡിക്കൽ കോളേജിൽ മാത്രമാണ് ഒരു M.B.B.S സീറ്റ് ദളിത് വിദ്യാർത്ഥിക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. നഴ്സിങ്, പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്കും ഈ സംവരണം വ്യാപിപ്പിക്കേണ്ടതാണ്. സഭയുടെ എൻജിനിയറിങ്, ആർട്സ്-സയൻസ് കോളേജുകളിൽ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ല. ഇത് യഥാർത്ഥത്തിൽ അതത് സ്ഥാപനങ്ങളുടെ ഭരണ സംവിധാനം ചെയ്യേണ്ടതാണ്. ഇതൊന്നും നടക്കാത്തത് സഭയ്ക്ക് അവരെ പ്രത്യേക പിന്തുണ ആവശ്യമുള്ള സഹോദരങ്ങളായി കാണുവാനുള്ള വൈമുഖ്യംകൊണ്ടാണ്. അതായത് ക്രൈസ്തവരായി മാറിയതുവഴി ദളിതർക്ക് നേരിടേണ്ടിവരുന്ന കനത്ത നഷ്ടങ്ങൾ മനസ്സിലാക്കുവാനും പരിഹരിക്കുവാനുമുള്ള ആത്മാർത്ഥമായ ശ്രമങ്ങളൊന്നും സഭയിൽ നടക്കുന്നില്ല. മതപരിവർത്തനവിധേയരാകാത്ത ദളിതർക്ക് ലഭ്യമാകുന്ന നീതിയും പരിഗണനയുമെങ്കിലും ക്രൈസ്തവരായിത്തീർന്ന ദളിതർക്ക് ലഭ്യമാക്കേണ്ടത് സഭയുടെ ചുമതലയാണ്. ഇതു ചെയ്യാൻ ഉത്തരവാദിത്തം കാണിക്കാത്ത സഭയ്ക്കെങ്ങനെയാണ് അവരെ സഭയിൽ ചേർത്ത മാർ ഒസ്താത്തിയോസിന്റെ ചരമ ജൂബിലി ആഘോഷിക്കാനാവുക?

എല്ലാ മേഖലകളിലും കടുത്ത മത്സരം നടക്കുന്ന കാലത്താണല്ലോ നാം ജീവിക്കുന്നത്. തൊഴിൽ രംഗവും മത്സരവിധേയമാണ്. ദളിത് ക്രൈസ്തവർക്ക് തൊഴിൽ കൊടുക്കാൻ സഭയ്ക്ക് ശേഷിയില്ലെങ്കിൽ പഠിച്ച് ഉയരാനും മത്സരത്തിൽ പങ്കെടുത്ത് വിജയിക്കുവാനും ആവശ്യമായ സൗകര്യങ്ങൾ എങ്കിലും സഭ നൽകേണ്ടതാണല്ലോ. അത് നൽകാത്തതുകൊണ്ട് സഭാ-സ്വകാര്യ-പൊതുമേഖലകളിലൊന്നും അവസരലഭ്യത ഉപയോഗപ്പെടുത്താനുള്ള സാധ്യത പോലും ദളിത് ക്രൈസ്തവർക്ക് ലഭിക്കാതെ വരുന്നു. ഇത്രമാത്രം നഷ്ടങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങളായ ദളിതർക്ക് നാം വരുത്തിവച്ചിരിക്കുന്നു. ദളിത് കുട്ടികൾക്ക് പഠനാവസരവും സാമ്പത്തിക പിന്തുണയും നൽകുകയും സഭാ വക സ്ഥാപനങ്ങളിൽ ദളിതർക്ക് തൊഴിൽ സംവരണം ഏർ

പ്പെടുത്തുകയും ഇടവകയിലും സഭയിലും അവർക്ക് അംഗീകാരം ലഭ്യമാക്കുകയും അടിയന്തരമായി നടക്കേണ്ട കാര്യങ്ങളാണ്. ഇതു വഴി നാം നീതി നിറവേറ്റുന്നത് അവരെ ക്രിസ്തു മാർഗ്ഗത്തിൽ ചേർത്ത മാർ ഒസ്താത്തിയോസിനോടാണ്. ദളിത് ഓർത്തഡോക്സ്കാർക്കുവേണ്ടി ആ പുണ്യാത്മാവ് ആവശ്യപ്പെടുന്നത് നീതിയും പങ്കാളിത്തവുമാണ്. തൊഴിൽ-പഠനമേഖലകളിൽ അവസര സമത്വവും, ആരോഗ്യ-ഭവന നിർമ്മാണ-വിവാഹ രംഗങ്ങളിൽ സാമ്പത്തിക പിന്തുണയും ഉറപ്പാക്കുന്നതുവഴി സ്ലീബാദാസ സമൂഹാംഗങ്ങൾക്ക് സാമ്പത്തിക സാമൂഹ്യ തലങ്ങളിൽ ഉയർച്ചയും സഭാസമൂഹത്തിൽ അംഗീകാരവും ആത്യന്തികമായി നീതിയും പങ്കാളിത്തവും വന്നുചേരും. അധീശത്വ-വിധേയത്വ ഔദാര്യ ദായക-സ്വീകരണ ബന്ധങ്ങൾ എന്നിവ സുഹൃത് സാംഭ്രാതൃത്വ ബന്ധങ്ങൾക്ക് വഴിമാറേണ്ടതായിട്ടുണ്ട്. ഈ മാറ്റത്തിന് സാമൂഹിക സാമ്പത്തിക തലങ്ങൾ മാത്രമല്ല ഉള്ളത്; വേദശാസ്ത്ര സൂചനകളുമുണ്ട്. കർത്തൃമേശയിൽ നിന്ന് ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ പങ്കിട്ടനുഭവിക്കുന്ന സമൂഹത്തിൽ അവഗണനയും വിവേചനവും അസമത്വവും അനുവദനീയമല്ല. ചൂഷിതരായി കഴിഞ്ഞവർക്ക് സഭയിൽ അവഗണനഅനുഭവിക്കേണ്ടി വരുന്നത് നീതീകരിക്കത്തക്കതല്ല. മത്സരക്ഷമതക്കുറവിന്റെയും, സാമൂഹ്യസാമ്പത്തിക പിന്നാക്കാവസ്ഥയുടെയും പേരിൽ സഭയിൽ തിരസ്ക്കരണം ഉണ്ടാകുവാൻ ആ സഹോദരങ്ങൾക്ക് ഇനിയും ഇടയാകരുത്. എങ്കിൽ മാത്രമെ സഭ നീതിസമൂഹമായി പരിണമിക്കുകയുള്ളൂ. വിശുദ്ധനായി പ്രഖ്യാപിച്ചോ, ആഘോഷത്തിന്റെ പൊടിപടലങ്ങൾ ഉയർത്തിയൊ അല്ല മാർ ഒസ്താത്തിയോസിന്റെ ചരമജൂബിലി ആചരിക്കേണ്ടത്. നേരെ മറിച്ച് ദളിത് ക്രിസ്ത്യാനികളുടെ ക്ഷേമൈശ്വര്യങ്ങൾ സംബന്ധിച്ച് അദ്ദേഹത്തിന്റെ സ്വപ്നങ്ങൾക്ക് പൂർണ്ണ സാഫല്യം നൽകിയാണ്. അവരുടെ ഇടയിൽനിന്ന് പട്ടക്കാരും, മേൽപട്ടക്കാരും അഭിഷിക്തരായി വൈദീകശുശ്രൂഷാ രംഗത്തും അവരുടെ സാന്നിധ്യം സൃഷ്ടിക്കപ്പെടണം. അവരുമായി വിവാഹബന്ധത്തിന് സുറിയാനി പാരമ്പര്യം പറയുന്ന വിഭാഗം തയ്യാറാകണം. അതിനെസഭ പ്രോത്സാഹിപ്പിക്കണം. മാർ ഒസ്താത്തിയോസ് വഴി സഭാംഗങ്ങളായിത്തീർന്നവരുടെ പിൻതലമുറക്കാർക്ക് ഒരു തരത്തിലും അപകർഷതയൊ നഷ്ടബോധമൊ തോന്നാൻ ഇടയാകാൻ പാടില്ലാത്തതാണ്. ജൂബിലി പരിപാടി ആസൂത്രണം ചെയ്യുമ്പോൾ ആ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച സഭയുടെ നയപ്രഖ്യാപനരേഖ മുന്നമെ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. അപ്പോൾ മാത്രം മാർ ഒസ്താത്തിയോസിന്റെ മുഖം അരുന്ധതി നക്ഷത്രം പോലെ സഭാപിതാക്കന്മാർക്കിടയിൽ പ്രശോഭിതമാകും.

സസ്നേഹം

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

(പീലാത്തോസിന്റെ മുമ്പിൽ യേശു തന്റെ പേരിലുള്ള ആരോപണങ്ങൾ നിഷേധിക്കാൻ ശ്രമിച്ചില്ലല്ലോ) ചതി അധർമ്മവും സത്യവിരുദ്ധവുമാണ്. അതിന് മഹാബലി വഴങ്ങിയത് തെറ്റും ഭീരുത്വവുമല്ലേ എന്ന ചോദ്യം പ്രസക്തമാണ്. ഇവിടെ പ്രതിഷേധിക്കേണ്ടിയിരുന്നത് മഹാബലിയല്ല. അദ്ദേഹത്തിന്റെ ഭരണനന്മകൾ ആസ്വദിച്ചിരുന്ന പ്രജകളാണ്. അവർ ദേവശക്തിയെ ഭയന്ന് പൗരധർമ്മം വെടിഞ്ഞ് അസത്യത്തിന്റെ മൂകസാക്ഷികളാവുകയാണ് ചെയ്തത്. മഹാബലി പാതാളത്തിലേയ്ക്ക് ചവിട്ടിതാഴ്ത്തപ്പെട്ടത് യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെയല്ല അദ്ദേഹത്തിന്റെ പ്രജകളുടെ പരാജയവും പ്രതികരണമില്ലായ്മയുമായിരുന്നു. ഇത് ഇന്നത്തെ സമൂഹത്തിലും പരക്കെ കാണുന്ന നട്ടെല്ലില്ലായ്മയാണ്. മഹാബലി ഈ ചതിയിൽ പ്രതിഷേധിച്ചിരുന്നെങ്കിൽ അത് പരാജിതന്റെ എതിർപ്പെന്ന നിലയിൽ അവമതിക്കപ്പെടുവാനായിരുന്നു സാധ്യത. പ്രജകളുടെ നിഷ്ക്രിയത്വമാണ് ഇവിടെ അപലപിക്കപ്പെടേണ്ടത്. ചതി മുമ്പേകണ്ട് പ്രവർത്തിക്കാത്തത് മൂലമുണ്ടായ സ്വന്തം പരാജയം അംഗീകരിച്ച് ശിക്ഷ ഏറ്റുവാങ്ങുന്ന മഹാബലി വാസ്തവത്തിൽ അദ്ദേഹത്തിന്റെ കിരീടത്തിൽ വിജയത്തിന്റെ ഒരു പൊൻതുവൽകൂടി നേടുകയാണുണ്ടായത്. അത്യാവശ്യഘട്ടത്തിൽപോലും സത്യത്തിനുവേണ്ടി പോരാടാനുള്ള ജാഗ്രതയും ഉത്തരവാദിത്തവും വിസ്മരിക്കുന്ന ജനത്തിന്റെ എക്കാലത്തെയും പ്രവണതക്കെതിരെയുള്ള മഹാബലിയുടെ ശക്തമായ പ്രതിഷേധമായി കാപട്യത്തോടുള്ള ജനത്തിന്റെ കീഴടങ്ങലിനെ നാം കാണേണ്ടതാണ്.

ഓണത്തിന്റെ വെല്ലുവിളി ഏറ്റെടുത്തുകൊണ്ടുള്ള ഓണാഘോഷങ്ങൾ സംഘടിപ്പിക്കുവാൻ കേരളീയർക്കു സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. □

യാത്രാവിവരണം

# അത്ഭുതങ്ങളുടെ റോമാ നഗരം

**കമാണ്ടർ റ്റി.ഒ. ഏലിയാസ്**

ഒരു നദിയിൽ മുങ്ങി നിവർന്നപ്പോൾ മറ്റൊരു ജന്മത്തിലെത്തിയെന്നും പിന്നീടൊരിക്കൽക്കൂടെ മുങ്ങിയപ്പോൾ പഴയ ജന്മത്തിൽ തിരികെയെത്തിയെന്നും കഥാസരിത് സാഗരത്തിൽ പണ്ടെങ്ങോ വായിച്ച രസകരമായ കഥയാണ് ടൈബർ നദിയുടെ തീരത്തു നിൽക്കുമ്പോൾ ഓർമ്മിച്ചത്.

അധികാരത്തിന്റെയും ഗർവ്വിന്റെയും പേശീബലത്തിന്റെയും ഒരായിരം കൊല്ലങ്ങൾ പിന്നിട്ട ശേഷം റോമാ സാമ്രാജ്യം തകർന്നടിഞ്ഞിട്ടും വിശപ്പടങ്ങാത്ത രാക്ഷസനെപ്പോലെ റോമാപ്പട്ടണത്തെ നക്കിത്തുടയ്ക്കുന്ന ടൈബർ നദിയുടെ ഓളങ്ങളായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ക്രൗര്യവും കുതിപ്പുകളും ഉൾത്തുടിപ്പുകളുമെല്ലാം നശിച്ച് ഗുസ്താവ് ക്ലിമിറ്റിന്റെ 'റിയൽലൈഫ് വുമ'ണിലെ ശോഷിച്ച പെണ്ണിനെപ്പോലെയാണിന്നത്തെ ടൈബർ. പ്രകൃതിയിൽ ഓരോന്നിനും അതിന്റേതായ ഇടമുണ്ടെന്നും ജീവരാശിയുടെ ഒരു ഭാഗം മാത്രമാണു മനുഷ്യനെന്നും മനുഷ്യരാശി എന്നൊന്നിനു മാത്രമായൊരു നിലനില്പില്ലെന്നുമുള്ള ബോദ്ധ്യത്തിലേയ്ക്കു ചിന്തകളെ നയിക്കുന്നതായിരുന്ന നദീതീരത്തെ തകർന്നടിഞ്ഞ റോമാ ഫോറത്തിലെ കൊട്ടാരാവശിഷ്ടങ്ങൾ.

യുദ്ധദേവതയുടെ ഇരട്ടകുട്ടികളായ റോമുലസും റെമൂസും ഒരു ഞാങ്ങണത്തൊട്ടിലിൽ ടൈബർ നദിയിലൂടെ ഒഴുക്കപ്പെട്ടുവെന്നും അവരെ രക്ഷിച്ചു മുലയൂട്ടി വളർത്തിയത് ഒരു പെൺചെന്നായാണെന്നുമാണ് റോമാ നഗരസ്ഥാപനവുമായി ബന്ധപ്പെട്ട ഐതിഹ്യം. പെൺ ചെന്നായ് ഇരട്ടകളായ മനുഷ്യക്കുട്ടികളെ മുലയൂട്ടുന്ന പ്രതിമകൾ റോമാനഗരത്തിൽ അനവധിയുണ്ട്. റോമൂസിനെ വധിച്ചശേഷം റോമുലസ് സ്ഥാപിച്ചതാണത്രേ റോമാ നഗരം.

ക്രിസ്തുവിനു മുൻപ് 509 വരെ റോമായിൽ രാജഭരണമായിരുന്നു. തുടർന്ന് ജനാധിപത്യഭരണക്രമത്തിന് രാജഭരണം വഴിമാറി. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിൽ ഭരണം നടത്തിത്തുടങ്ങി. BD 58-ൽ സ്പെയിനുമായുള്ള യുദ്ധം ജയിച്ചു വന്ന ജൂലിയസ് സീസർ റോമിന്റെ ഗവർണറായി. കൗൺസിലിൽ ഒപ്പമുണ്ടായിരുന്ന സഹപ്രവർത്തകരുടെയും വിശ്വസ്തരുടെയും ഗൂഢാലോചനയ്ക്ക് ഇരയായി BD 45-ൽ സെനറ്റ് ഹാളിൽവച്ച് ജൂലിയസ് സീസർ പിന്നിൽ നിന്നു കുത്തേറ്റു വധിക്കപ്പെടുകയും തുടർന്ന് കൗശലത്തിലൂടെ പടത്തലവനായ മാർക്ക് ആന്റണിയുടെ കരങ്ങളിൽ റോമാ ഭരണം എത്തിച്ചേരുകയും ചെയ്തു. സീസറുടെ ദത്തു പുത്രനായിരുന്ന ഒക്ടോവിയനുമായി ചേർന്ന് മാർക് ആന്റണി ഗൂഢാലോചനക്കാരെ യുദ്ധത്തിൽ തോല്പ്പിക്കുകയും പിന്നീട് കിഴക്കും പടിഞ്ഞാറുമായി റോമായെ അവർ പങ്കിട്ടു ഭരിക്കുകയും ചെയ്തു.

എന്നാൽ ഒക്ടോവിയൻ മാർക് ആന്റണിയെ തോല്പിച്ച് ബിസി 29-ൽ റോമായുടെ ആദ്യ ചക്രവർത്തിയാവുകയും മാർക് ആന്റണി ആത്മഹത്യ ചെയ്യുകയുമുണ്ടായി. രണ്ടു വർഷം കൂടി കഴിഞ്ഞ് അഗസ്റ്റസ് എന്ന നാമധേയം സ്വീകരിച്ച ഒക്ടോവിയൻ നീണ്ട 56 വർഷങ്ങൾ റോമാ സാമ്രാജ്യം ഭരിക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് യേശു ജനിച്ചതെന്ന് ബൈബിളിൽ ലൂക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. നീതിയേയും സ്വാതന്ത്ര്യത്തേയും കുറിച്ചുള്ള ഏതു ശബ്ദവും രാജ്യദ്രോഹമായി കാണുന്ന പട്ടണമെങ്കിലും കലയും സംസ്കാരവും സമ്പത്തുമെല്ലാം ഒഴുകിയിരുന്നത് റോമിലേയ്ക്കായിരുന്നു. എല്ലാ റോഡുകളും റോമിലേയ്ക്ക്



എന്നൊരു പ്രയോഗം തന്നെ അങ്ങനെയുണ്ടായതാണ്. അനവധി നൂറ്റാണ്ടുകൾ ലോക തലസ്ഥാനമായിരുന്ന റോമാ നഗരത്തിന് വർത്തമാനകാലത്ത് സംഭവിച്ചതെന്തെന്ന ചോദ്യം കൂടി ഇതിനൊപ്പം അവശേഷിക്കുന്നു.

യവനദൈവങ്ങളും പ്രകൃതി ശക്തികളുമായിരുന്നു പ്രധാനമായും ഇവരുടെ ആരാധനാമൂർത്തികൾ. ഭരണാധികാരം ചോദ്യം ചെയ്യപ്പെടാതിരിക്കുവാനായി അഗസ്റ്റസിന്റെ കാലം മുതൽ ചക്രവർത്തിമാരും ആരാധനാമൂർത്തികളായി.

**പാന്തിയോൺ–**
**മേൽക്കൂര വേണ്ടാത്ത ക്ഷേത്രം**

ബിസി 27-ൽ അഗസ്റ്റസിന്റെ സുഹൃത്തും പിന്നീട് മരുമകനുമായിത്തീർന്ന അഗ്രിപ്പാ, ഒരു കൂറ്റൻ ക്ഷേത്രം പണിത് സപ്തഗ്രഹങ്ങൾക്ക് സമർപ്പിക്കുകയും എല്ലാ ദേവന്മാരുടെയും എന്ന അർത്ഥം വരുന്ന ഗ്രീക്ക് പദമായ പാന്തിയോൺ എന്ന് അതിനു പേരിടുകയും ചെയ്തു. റോമൻ ദേവാലയങ്ങളിൽ സാധാരണക്കാർക്ക് പ്രവേശനം അനുവദിക്കുന്ന ആദ്യക്ഷേത്രമായിരുന്നു ഇത്. വൃത്താകൃതിയിലുള്ള ഈ കെട്ടിടത്തിന് 43.3 മീറ്റർ വ്യാസമാണുള്ളത്. കൂറ്റൻ വാതിലിന് 7.53 മീറ്റർ പൊക്കവും 4.90 മീറ്റർ വീതിയുമുണ്ട്. റോമൻ കുന്നുകൾക്കിടയിലൂടെ രൂപപ്പെടുന്ന വായുപാത ഒരു ചോർപ്പുപോലെ (Air Funnel) ഒഴുകിയെത്തി ഈ കൂറ്റൻ വാതിലിലൂടെ ഉള്ളിൽ കടന്നാൽ അതു പുറത്തേക്കു തള്ളുവാൻ തക്ക വണ്ണം മേൽക്കൂരയില്ലാതെയാണ് ഇതു പണിതിരിക്കുന്നത്. നാല്പത്തി മൂന്നു മീറ്റർ വ്യാസമുള്ള അർദ്ധ ഗോളാകൃതിയിലുള്ള താഴികക്കുടമാണ് ഇതിന്റെ ചുവരുകൾക്കു മുകളിലുള്ളത്. അതിൽ 9 മീറ്റർ വ്യാസവൃത്തത്തിൽ മേൽക്കൂര ശൂന്യമാണ്. സാധാരണ മഴ പെയ്താൽ മഴത്തുള്ളികൾ കെട്ടിടത്തിനുള്ളിൽ പതിക്കാതെ താഴെ നിന്നുള്ള വായുസമ്മർദ്ദം മൂലം അവ വഴിമാറിപ്പോകും. ശക്തമായ മഴയിൽ വായു സമ്മർദ്ദത്തെ അതിജീവിച്ച് കെട്ടിടത്തിനുള്ളിൽ വീഴുന്ന മഴത്തുള്ളികൾക്ക് ഒഴുകിപ്പോകുവാനായി അകവളവുള്ള വെണ്ണക്കൽ തറയിൽ ഇരുപത്തി രണ്ട് സുഷിരങ്ങൾ കാഴ്ചയിൽപെടാത്ത വണ്ണം ഉണ്ടാക്കിയിട്ടുണ്ട്. ആറു മീറ്റർ ഘനത്തിൽ പണിത ഇതിന്റെ ഭിത്തി മുകളിലേക്ക് പോകുന്തോറും ഘനം കുറഞ്ഞുവരുന്നു. അഗ്നി പർവ്വത ലാവ കുഴച്ചുണ്ടാക്കിയ കടുപ്പം കൂടിയ പദാർത്ഥമാണ് നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്നത്.

ഏപ്രിൽ 21-ാം തീയതി മദ്ധ്യാഹ്നത്തിൽ താഴികക്കുടത്തിലെ 9 മീറ്റർ വ്യാസമുള്ള ദ്വാരത്തിലൂടെ സൂര്യൻ പാന്തിയോണിന്റെ വാതിൽപ്പടിയിലേക്ക് ഒഴുകി ഇറങ്ങുമ്പോൾ റോമാ നഗരത്തിന്റെ സ്ഥാപനദിനമായ അന്ന് അഗസ്റ്റസ് ചക്രവർത്തി സൂര്യന്റെ സ്പോർട്ട് ലൈറ്റിൽ ഈ വാതിൽ കടന്ന് ഉള്ളിലേക്ക് പ്രവേശിക്കുകയായിരുന്നു പതിവ്. വെനീസിലെ സെന്റ് മാർക് പള്ളി പണിയുവോളം ഇരുമ്പ് ദൃഢീകരണമില്ലാത്ത ലോകത്തിലെ ഏറ്റവും വലിയ താഴികക്കുടമായിരുന്നു ഇത്. നിർമ്മാണവേളയിൽ ഇതിനകം മണ്ണിട്ടു നിറച്ച് പണി കഴിഞ്ഞപ്പോൾ മണ്ണ് മാറ്റിയെടുക്കുകയായിരുന്നു. പൊൻനാണയങ്ങൾ ഇടയ്ക്കിടെ മണ്ണിനോടൊപ്പമിട്ടിരുന്നതിനാൽ ജനങ്ങൾ തടിച്ചുകൂടി മണ്ണു മാറ്റുകയായിരുന്നുവത്രേ. സൂര്യ ആരാധനയുമായി ബന്ധപ്പെട്ടു മേൽക്കൂരയില്ലാതെ നിർമ്മിച്ച ഈ ക്ഷേത്രം രണ്ടു സഹസ്രാബ്ദങ്ങൾ പിന്നിട്ട് ഇന്നും തലയെടുപ്പോടെ നില്ക്കുന്നത് ഒരു ദൃശ്യവിസ്മയമാണ്.

എ.ഡി. 313-ൽ കിഴക്കൻ റോമാ ചക്രവർത്തി കുസ്തന്തിനോസും റോമായുടെ ലിസിനസും ചേർന്നു നടത്തിയ മിലാൻ വിളംബരംവരേയും റോമിൽ കൊടിയ പീഡനങ്ങളിലൂടെയാണ് ക്രിസ്തുമതം കടന്നുപോയത്. എ.ഡി. 609-ൽ ബോണിഫേസ്പോപ്പിന് സമ്മാനമായി ചക്രവർത്തി പാന്തിയോൺ നല്കി. അദ്ദേഹം ഇതു വിശുദ്ധീകരിച്ച് സാന്റോ മരിയാ എന്ന നാമത്തിൽ രക്തസാക്ഷികളുടെ ഒരു ബസലിക്കായാക്കി. റോമിൽ കൊല ചെയ്യപ്പെട്ട വിശുദ്ധന്മാരുടെ അസ്ഥികൾ 28 വാഹനങ്ങളിലായി കൊണ്ടുവന്ന് ഇവിടെ മറവു ചെയ്തു.

പതിനാലാം നൂറ്റാണ്ടിന്റെ ഉത്തരഖണ്ഡത്തിലെ നവോത്ഥാന കാലത്ത് ശില്പികളുടെയും ചിത്രകാരന്മാരുടെയും മറ്റു വിവിധ കലാകാരന്മാരുടെയും കൂടി വരവുകൾക്ക് പന്തിയോണിന്റെ മുന്നിലെ ചത്വരം (മുറ്റം) വേദിയൊരുങ്ങി. കലയുടെ ചർച്ചകളും, വാഗ്വാദങ്ങളും പങ്കിടലുകളും ഇവിടത്തെ സായാഹ്നങ്ങളെ സജീവമാക്കി. കലയും ദാർശനികതയും തത്വശാസ്ത്രവും റോമിൽ കൈകോർത്തു. നവോത്ഥാനകാലത്തെ ശില്പികൾ ഏവരും ഒരേ സമയം ചിത്രകാരന്മാരും എഴുത്തുകാരും ആർക്കിടെക്കുകളും ഗണിതശാസ്ത്രജ്ഞരുമൊക്കെയായിരുന്നു. ദാർശനികതയും കലയും മതവുമായി എത്രമാത്രം ബന്ധപ്പെട്ടു കിടക്കുന്നു വെന്നറിയാൻ റോമിലെ പാന്തിയോണിന്റെ ചുവരുകളെ അലങ്കരിച്ചിരിക്കുന്ന ഫെഡറിക്കോയുടെ കുരിശിന്റെ അഞ്ചു ചെറുശില്പങ്ങളെ നിരീക്ഷിച്ചാൽ മതിയാവും. സ്വർണ്ണം കലർത്തിയ ഓടിൽ വാർത്തെടുത്ത ഇവ ഓരോന്നും ദൈവശാസ്ത്രത്തിന്റെ അഗാധതലങ്ങളി

ലേയ്ക്കു നമ്മെ കൂട്ടിക്കൊണ്ടുപോകുന്നവയാണ്. അവയിലൊന്നായ ക്രിസ്തുവിന്റെ ഒഴിഞ്ഞ കുരിശിനു മുന്നിൽ ഏറെനേരം നിന്നു. വേദനയുടെ പ്രതീകമായ പരുപരുത്ത പ്രതലമുള്ള ഈ കുരിശിൽ യേശു കിടന്നതിന്റെ പാടുകൾ, ആണി അടിച്ചു കയറ്റിയപ്പോൾ ഉണ്ടായ മുറിവുകൾ, മുൾക്കിരീടവും ശിരസും അതിൽ ആഴ്ന്ന പാടുകൾ, അപമാനത്തിന്റെ പ്രതീകമായ നഗ്നത. ഇവയെല്ലാമാണ് കൊത്തുവേല ചെയ്തിരിക്കുന്നത്. ഈ ഒഴിഞ്ഞ കുരിശ് യേശുവിന്റെ തന്നെ പ്രതീകമായി മാറുന്നുവെന്നു തോന്നി. യേശു വസിക്കുന്ന കുരിശിൽ രക്ഷയുടെ തിരുമുറിവുകളുണ്ടാവുക. (Scars Redumption) അങ്ങനെ നോക്കുമ്പോൾ യേശുവിന്റെ ഉപാസകരിലും യേശുവിന്റെ മുറിവുകളും സ്വഭാവഛായയും കാണുവാനാവണം. ഉപാസകർ കുരിശായി സ്വയം മാറുമെന്നും അവരിൽ ഏല്ക്കുന്ന മുറിവുകൾ തിരുമുറിവുകളായി മാറുമെന്നുള്ള വിശാലദാർശനീകതയാണിതിനുള്ളത്. പരിമിതപ്പെടുത്തുനാവാത്ത ബൃഹത്തായ അർത്ഥതലങ്ങളുള്ള മൂന്നടി ചതുര ശില്പത്തിന്റെ മുന്നിൽ തല കുനിച്ചു നിന്നു.

### പാന്തിയോണിൽ ഉറങ്ങുന്ന റാഫേൽ

1508-ൽ 25-ാം വയസ്സിൽ ഫ്ളോറൻസിൽ നിന്ന് വത്തിക്കാനിലെത്തിയ റാഫേൽ 37-ാം വയസ്സിലുണ്ടായ തന്റെ മരണം വരെയും റോമിൽ തന്നെ തുടർന്നു. ജൂലിയസ്സ് രണ്ടാമൻ പോപ്പിന്റെ കിടപ്പുമുറികളിൽ ചിത്രം വരയ്ക്കുവാൻ റോമിൽ എത്തിയതാണെങ്കിലും റോമിനെവർണ്ണാഭമാക്കുന്നതിൽ റാഫേൽ വലിയ പങ്കു വഹിച്ചു. മൈക്കലാഞ്ചലോവുമായുള്ള പെരുന്തച്ച മനോഭാവവും അസ്വാരസ്യങ്ങളും പ്രസിദ്ധമാണ് മരിയ ബിബിനാ എന്ന സുന്ദരിയെ ഇദ്ദേഹം പ്രണയിക്കുകയും ഇവർ തമ്മിൽ വിവാഹനിശ്ചയം നടത്തകയും ചെയ്തുവെങ്കിലും റാഫേൽ പെട്ടെന്നു രോഗാതുരനായി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. പാന്തിയോണിനുള്ളിൽ തന്നെ കബറടക്കുവാൻ അതിനുള്ളിലെ കിഴക്കെ കോണിൽ അദ്ദേഹം ഒരു സ്ഥലം നിർണ്ണയം ചെയ്തു. സൂര്യൻ പടിഞ്ഞാറ് അസ്തമിക്കുമ്പോൾ പാന്തിയോണിന്റെ മേൽക്കൂരയില്ലാത്ത വൃത്തത്തിലൂടെയെത്തുന്ന അവസാന സൂര്യകിരണങ്ങൾ ഈ കല്ലറയെ മുത്തം വയ്ക്കുവാൻ തക്കവണ്ണമുള്ളതാണ് ഈ സ്ഥലം. തൊട്ടടുത്തുതന്നെ പ്രണയിനി മരിയായുടെ കല്ലറയും. റാഫേലിന്റെ കല്ലറയുടെ മുകളിലുള്ള പാന്തിയോണിന്റെ ചുവരിൽ മഡോണയുടെ പ്രതിമ കാണാം. ശോകഛായയില്ലാതെ തലയെടുപ്പോടെ നില്ക്കുന്നതാണ് വെണ്ണക്കൽ മഡോണ. ഉണ്ണിയേശുവിനെ കയ്യിലേന്തി നില്ക്കുന്ന മറിയത്തിന്റെ ചിത്രത്തിന് ഗ്രീക്ക് ഭാഷയിൽ മഡോണ എന്നാണ് പറയുന്നത്. പാന്തിയോണിലെ മഡോണയുടെ ഇടതുകാൽ ഒരു പാറയിൽ വിശ്രമിക്കും പോലെയാണ് നിർമ്മിച്ചിരിക്കുന്നത്. റോമിലെ ഏതൊരു മഡോണാ ശില്പത്തെക്കാളും ഭാവത്തിൽ വ്യത്യസ്തമാണിത്. തന്റെ ശവകുടീരത്തിനു മുകളിൽ സ്ഥാപിക്കുവാനായി ശോകഛായ ഇല്ലാത്ത ഈ ശില്പമുണ്ടാക്കുവാൻ ലോറൻസിത്തോയെ നിയോഗിച്ചതു റാഫേൽ തന്നെയായിരുന്നു.

റാഫേലിന്റെ കബറിനടുത്ത് വാസ്തു ശില്പിയായ ഹാനിബലും സംഗീതജ്ഞനായ ആർക്കാഞ്ചലോ കൊരീലിയും വിശ്രമിക്കുന്നു. റാഫേലിന്റെ ശവകുടീരത്തിൽ കൊത്തിയിരിക്കുന്ന വാക്കുകളിലൂടെ കണ്ണോടിച്ചപ്പോൾ മനസ്സു വല്ലാതെ നൊമ്പരപ്പെട്ടു.

ഇവിടെയുറങ്ങുന്ന റാഫേൽ ജീവിച്ചിരുന്നപ്പോൾ സൃഷ്ടി നടത്തുവാൻ പ്രകൃതിപോലും ഭയന്നു. അവന്റെ മരണം പ്രകൃതിയുടെ സൃഷ്ടികർമ്മത്തെയും മരണഭീതിയിലാക്കി.

പാന്തിയോണിന്റെ മുന്നിലെ പോർട്ടിക്കോ പിൽക്കാലത്ത് പണിതതാണ്. വിശാലമായ ചത്വരം സായാഹ്നങ്ങളിൽ സജീവമാകും. ഞങ്ങൾ ചെന്ന സായാഹ്നത്തിൽ തെരുവു ഗായകരെക്കൊണ്ടും ടാബ്ലോകളെക്കൊണ്ടും നൃത്തകരെക്കൊണ്ടും നിറഞ്ഞ ചത്വരത്തിൽ വിദേശികളുടെ വൻതിരക്ക് അനുഭവപ്പെട്ടു. റോമായുടെ അന്ത്യം ലോകാവസാനമാണെന്നു വിശ്വസിച്ച ലോകജനതയുടെ മുന്നിൽ കോമാളി വേഷം കെട്ടി കൈനീട്ടുന്ന ഇന്നത്തെ റോമൻ യുവത്വം ചരിത്രത്തിലെ ദുരന്തരൂപകമായി (Metaphor) നില്ക്കുകയാണെന്നു തോന്നി.

സമ്പാദകൻ: തോമസ് എബ്രാഹം

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് - 100 രൂ.

ആയുഷ്ക്കാലം - 1000 രൂ.

വിദേശത്ത് - 6000 രൂ.
(100 ഡോളർ)

കൂടിക്കാഴ്ച

# സമാധാനം അന്വേഷിച്ച് ബേറൂട്ടിൽ

ഡോ. തോമസ് അത്താനാസ്യോസ്

മലങ്കര സഭയിൽ കോടതിവിധിയിലൂടെ ഭിന്നിപ്പിന്റെ വിഷയങ്ങൾ സംബന്ധിച്ച് നിയമപരമായ പരിഹാരം ഉണ്ടായി. എന്നാൽ അതിന് സഭയിലെ ഭിന്നത അവസാനിപ്പിക്കാനായില്ല. വിധി നടത്തിപ്പുവഴിസഭയിലെ ഭിന്നത അവസാനിക്കുമെന്നും കരുതേണ്ടതില്ല. നേരെമറിച്ച് ജനത്തെ തിരിച്ചറിവുകളിലേക്കും അനുരഞ്ജനത്തിലേക്കും നയിക്കുവാൻ സാധിക്കണം. ഈ പ്രക്രിയയിൽ പ. പാത്രിയർക്കീസ് ബാവായ്ക്ക് നിർണ്ണായകമായ പങ്കുണ്ട്. അതിന് അദ്ദേഹത്തെ നേരിൽ കണ്ട് അപേക്ഷിക്കുന്നതിനാണ് സെപ്തംബർ 3-ാം തീയതി നിക്കോലാവോസ് തിരുമേനിയും ഞാനും കൂടി ബേറൂട്ടിന് യാത്രയായത്.

ഹോട്ടലിൽ താമസം ക്രമീകരിക്കുവാനാണ് ഞങ്ങൾ ആവശ്യപ്പെട്ടിരുന്നതെങ്കിലും പ. പാത്രിയർക്കീസ് ബാവായുടെ സംവിധാനത്തിൽ താമസിച്ചാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ നിർബന്ധം. പ. പാത്രിയർക്കീസ് ബാവായുടെ മലങ്കര സഭാകാര്യ സെക്രട്ടറി അഭിവന്ദ്യ തീമോത്തിയോസ് തിരുമേനി എയർപോർട്ടിൽ വന്ന് ഞങ്ങളെ രണ്ടുപേരെയും സ്വീകരിച്ച് ബേറൂട്ടിൽ 'അച്ചാണി' എന്ന സ്ഥലത്ത് പ. പാത്രിയർക്കീസ് ബാവായോടൊപ്പം താമസം ക്രമീകരിക്കുകയായിരുന്നു.

പ. പാത്രിയർക്കീസ് ബാവായുടെ ആസ്ഥാനം ഇന്നു പ. യാക്കോബ് ത്രിതീയൻ ബാവ താമസിച്ചിരുന്ന പഴയ ദമസ്കോസിൽ തന്നെയാണ്. പ്രത്യേകമായി സന്ദർശകർ എത്തുമ്പോൾ ബേറൂട്ടിൽ വരികയാണ് പതിവ്. അച്ചാണിയിൽ ഒരു പള്ളി, സ്കൂൾ, വയോഭവനം, കന്യാസ്ത്രീ മഠം, പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന അരമനഎന്നിവയാണ് സഭവകയായി ഉള്ളത്. വയോഭവനിൽ പണ്ട് മലങ്കരയിൽ ഉണ്ടായിരുന്ന അഭി. അപ്രേം ആബൂദി മാർ തീമോത്തിയോസ് തിരുമേനി താമസിക്കുന്നുണ്ട്. 87 വയസ്സായി. ഞാനും നിക്കോലാവോസ് തിരുമേനിയും അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. വലിയ സന്തോഷം അദ്ദേഹം കാണിച്ചു.

4-ാം തീയതി ഉച്ചയോടെ പ. പാത്രിയർക്കീസ് ബാവ ബേറൂട്ടിൽ വന്നുചേർന്നു. അന്ന് ഭക്ഷണത്തിനുശേഷം സഭാ വിഷയങ്ങൾ ദീർഘമായി സംസാരിച്ചു. അത് രാത്രി വൈകുന്നതുവരെ നീണ്ടുപോയി. ബാവയെ കണ്ടപ്പോൾ ഞങ്ങൾ നാട്ടിൽ നിന്നുകൊണ്ടുപോയ ഏലക്കയും അണ്ടിപ്പരിപ്പും നൽകി. കൂടാതെ മലങ്കര സഭയിലെ സീനിയർ മെത്രാപ്പോലീത്ത തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ഉത്സാഹത്തിൽ ഡോ. കുര്യൻ തോമസ് എഡിറ്റ് ചെയ്ത് സഭ വകയായി പ്രസിദ്ധീകരിച്ച യോജിക്കേണ്ടും സമയമിതാ എന്ന ഗ്രന്ഥവും അദ്ദേഹത്തിന് നൽകി. അദ്ദേഹം വളരെ കൗതുക പൂർവ്വം മറിച്ച് നോക്കി. ഏതാണെങ്കിലും ഞങ്ങളുടെ സന്ദർശനം അദ്ദേഹത്തിൽ സൃഷ്ടിച്ച സന്തോഷം അതിരറ്റതായിരുന്നു.

പിറ്റേദിവസം കൂടുതൽ സന്തോഷവാനായും സഭാസമാധാനത്തെക്കുറിച്ച് കൂടുതൽ പ്രതീക്ഷയോടും കൂടിയാണ് അദ്ദേഹം സംസാരിച്ചത്. രാവിലെ ആസ്ഥാനത്ത് ഞങ്ങളുമായി സംസാരിച്ച് ഹൃദ്യമായ നർമ്മ സംഭാഷണങ്ങളിൽ ഏർപ്പെടുകയും അവിടവിടെ നിന്നിരുന്ന അത്തിമരങ്ങളിൽ നിന്ന് പഴുത്ത കായ്കൾ കണ്ടെത്തി പറിച്ച് തന്ന് ഞങ്ങളെ കഴിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിനിടെ തമാശകൾ പറഞ്ഞ് എല്ലാവരെയും രസിപ്പിക്കുന്നതിനും ബാവ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അതിനുശേഷം ബാവായുടെ കാറിൽ സെക്രട്ടറി തിരുമേനിയെയും ഞങ്ങൾ രണ്ടുപേരെയും കൂട്ടി ബേറൂട്ട് നഗരം ബാവ കൂടെവന്നു കാണിച്ചു. അദ്ദേഹത്തിന് സർക്കാർ സംരക്ഷണം ഉള്ളതുകൊണ്ട് പട്ടാളവണ്ടികൾ അകമ്പടിയുണ്ടായിരുന്നു. ഉച്ചയ്ക്ക്വന്നു ഭക്ഷണം കഴിഞ്ഞ് വൈകുന്നതുവരെ സംഭാഷണം തുടർന്നു. സഭാവിഷയങ്ങൾ ബാവ വളരെ വ്യക്തമായി മനസ്സിലാക്കിയിരുന്നതിനാൽ ചർച്ചകൾ തികച്ചും രചാനാത്മകവും ഹൃദ്യവും ഫലപ്രദവുമായിരുന്നു. സഭയിൽ ഐക്യം സൃഷ്ടിക്കുവാൻ വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി തന്റെ ഭാഗത്തുനിന്നു വേണ്ടത് ചെയ്യിപ്പിക്കാമെന്നായിരുന്നു ബാവ ഞങ്ങൾക്ക് തന്ന ഉറപ്പ്.

ചാപ്പലിൽ സന്ധ്യാനമസ്കാരവും ചായയും കഴിഞ്ഞപ്പോഴേക്കും മൗണ്ട് ലബാനോനിലെ മെത്രാപ്പോലീത്ത മാർ ജോർജ് സ്ലീബ തിരുമേനി ഞങ്ങളെ കാണാൻ എത്തിയിരുന്നു.

സന്ധ്യകഴിഞ്ഞപ്പോൾ പ. പാത്രിയർക്കീസ് ബാവയോട് യാത്ര പറഞ്ഞ് കുന്നുകൾ നിറഞ്ഞ

# പ്രാദേശിക ഇടവക: ദൗത്യത്തിന്റെ ഇടം

വി. മത്തായി: 5:13-16

**ഫാ. ഡോ. രാജൻ ജോർജ്ജ്, നിറയന്നൂർ**

യേശുക്രിസ്തുവിലൂടെ മാനവസമൂഹത്തിനു ലഭിച്ച ദൈവീക ദാനത്തിന്റെ പ്രതീകമാണ് സഭ. ഈ ദൈവീകദാനത്തിന്റെ പ്രതീകമായ സഭ ദൗത്യത്തിന്റെ സമൂഹമാണ്. അതായത് യേശുക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കു ചേരുന്നവരുടെയും അതിനു സാക്ഷ്യം നൽകുന്നവരുടെയും സമൂഹമെന്നു ചുരുക്കം. യേശുവിന്റെ ഭൗതീക ജീവിതകാലത്ത് ഈ സമൂഹത്തിനു തുടക്കം കുറിച്ചെങ്കിലും യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷമാണ് ഇതു പൂർണ്ണരൂപത്തിലായത്. ഇന്നത്തെ ഘടനയും ഭരണക്രമവും ആദ്യ കാലങ്ങളിൽ അതിനില്ലായിരുന്നു. എങ്കിലും ഒരു കാര്യം വ്യക്തമാണ്. യേശുക്രിസ്തുവിനെ ഏറ്റുപറഞ്ഞ സമൂഹമായിരുന്നു അത്.

**1. സഭ : ദൈവത്തിന്റെ ജനം**

സഭ എന്ന സംജ്ഞയുടെ ഉറവിടത്തിനു പിന്നിലുള്ള പ്രയോഗങ്ങളെല്ലാം ആരംഭത്തിൽ സഭയെക്കുറിച്ച് എന്തു കാഴ്ചപ്പാടാണ് ഉണ്ടായിരുന്നതെന്നു വ്യക്തമാക്കുന്നവയാണ്. രണ്ടു ഗ്രീക്കു വാക്കുകൾ സഭയുടെ അർത്ഥം വ്യക്തമാക്കുവാൻ സഹായകരമാണ്. ഒന്നാമത് 'എക്ലേസിയ' (Eccelsia) എന്ന പദമാണ്. 'വിളിക്കപ്പെട്ടവരുടെ സമൂഹം' എന്നാണിതിനർത്ഥം. ക്രിസ്തുവിലൂടെ ദൈവം വിളിച്ചു ചേർത്ത സമൂഹമാണ് സഭയെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. രണ്ടാമത്തെ ഗ്രീക്കുപദം കിരിയാക്കേ (Kyriake) എന്നതാണ്. ഇതിന്റെ ഉല്പത്തി കിരിയോസ് (Kyrios) എന്ന പദത്തിൽ നിന്നാണ്. ഇത് അർത്ഥമാക്കുന്നത്. 'കർത്താവിന്റേത്' 'കർത്താവിന്റെ ഭവനം' 'കർത്താവിന്റെ ഇടം' എന്നൊക്കെയാണ്. ഇംഗ്ലീഷിലുള്ള Church എന്ന പ്രയോഗം രൂപം കൊണ്ടിരിക്കുന്നത് കിരിയാക്കേ എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്. ഇടവക എന്നാൽ 'ഇടയന്റെ വക.' മേൽപ്പറഞ്ഞ രണ്ടു പ്രയോഗങ്ങളും ചൂണ്ടിക്കാണിക്കുന്നതു സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധമാണ്.

ക്രിസ്തുവും സഭയും തമ്മിലുള്ള അഭേദ്യമായ ബന്ധം ചൂണ്ടിക്കാണിക്കുന്നതാണ് 'സഭ യേശുവിന്റെ ശരീരം എന്ന' പുതിയ നിയമ സങ്കൽപ്പം. സഭയാകുന്ന സമൂഹത്തിന്റെ ആത്മീക സ്വഭാവം ഇതു വ്യക്തമാക്കുന്നു. പഴയനിയമത്തിലെന്നപോലെ പുതിയ നിയമത്തിലും ദൈവജനം എന്ന ആശയം അടിസ്ഥാനപരമാണ്.

**2. സഭ: ദൈവരാജ്യത്തിന്റെ സമൂഹം**

സഭയ്ക്ക് എങ്ങനെ യേശുവിന്റെ സമൂഹമായിരിക്കാൻ സാധിക്കും? എന്താണ് യേശു വിഭാവനം ചെയ്ത 'സഭ'? ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയണമെങ്കിൽ യേശുക്രിസ്തുവിന്റെ പ്രഘോഷണത്തിന്റെയും ജീവിതത്തിന്റേയും സന്ദേശം (ദൗത്യം) എന്താണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. യേശുവിന്റെ ദൗത്യമാണ് സഭയുടെ ദൗത്യം. കർത്താവ് തന്റെ ദൗത്യം ആരംഭിക്കുന്നതു കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ (മർക്കോ:1:15) മർക്കോസിന്റെ സുവിശേഷം ഈ വാക്കുകളിൽ യേശുവിന്റെ സന്ദേശത്തെ സമാഹരിച്ചിരിക്കുകയാണ്. ദൈവരാജ്യത്തിന്റെ ആഗമനം വിളിച്ചറിയിക്കുകയും അതു പ്രവൃത്തിയിലൂടെ പ്രത്യക്ഷമാക്കുകയുമാണ് യേശു ചെയ്തത്.

യേശുവിന്റെ ദൈവരാജ്യ പ്രഘോഷണം, മാനവ വിമോചനത്തിന്റെ കാഹളമാണു മുഴക്കിയത്.

---

മനോഹരമായ ബേറൂട്ട് നഗരത്തിലൂടെ ഒരുമണിക്കൂർ യാത്ര ചെയ്ത് വിമാനത്താവളത്തിൽ എത്തി. അഭിവന്ദ്യ തീമോത്തിയോസ് തിരുമേനി ഞങ്ങളെ യാത്ര അയക്കാൻ വന്നിരുന്നു. ഹ്രസ്വമായിരുന്നെങ്കിലും ഏറെ നല്ല ഓർമ്മകൾ സമ്മാനിച്ച സന്ദർശനമായിരുന്നു ഇത്. സഭാ പ്രശ്നം പരിഹരിക്കുന്നതിന് അദ്ദേഹം എത്രമാത്രം താത്പര്യം കാണിക്കുന്ന എന്നത് ഞങ്ങൾക്ക് വ്യക്തമായിരുന്നു. ഇനിയുള്ള കൂടിക്കാഴ്ച ദമസ്കോസിലാകട്ടെ എന്ന് ആശംസിച്ചായിരുന്നു ഞങ്ങളെ പ. പിതാവ് യാത്രയയച്ചത്.

മലങ്കര സഭയിൽ എവിടെയെല്ലാമോ വന്ന ബന്ധത്തകർച്ചകൾ മാറ്റിയെടുത്ത് വീണ്ടും സമാധാനം സൃഷ്ടിക്കുവാൻ കഴിയുമെന്ന പ്രത്യാശ മടങ്ങുമ്പോൾ മനസ്സ് നിറഞ്ഞു നിന്നിരുന്നു. ആ സുഖ ചിന്തകളിൽ മുഴുകി വിമാനത്തിൽ കയറിയ ഞാൻ എപ്പോഴോ ഉറക്കത്തിലേക്ക് വഴുതി വീഴുകയായിരുന്നു.

□

യേശു തന്നെ യെശയ്യാ പ്രവാചകന്റെ വിമോചനസന്ദേശം സ്വജീവിതത്തിലൂടെ സാക്ഷാത്ക്കരിക്കപ്പെടുവാൻ പോകുകയാണെന്നു പ്രഖ്യാപിച്ചു. ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്കു വിടുതലും, കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും എന്നെ അയച്ചിരിക്കുന്നു. (ലൂക്കോ. 4:16-18) നിസ്വാർത്ഥമായ സ്നേഹത്തിലൂടെയും, ത്യാഗപൂർണ്ണമായ ശുശ്രൂഷയിലൂടെയും യേശുവിൽ ദൈവരാജ്യം സാക്ഷാത്കൃതമായി.

വിളിക്കപ്പെട്ടവരുടെ സമൂഹമായ സഭയുടെ നിയോഗം ദൈവരാജ്യ ശുശ്രൂഷയാണ്. യേശുക്രിസ്തുവിൽ കൂടി പ്രത്യക്ഷമായ ദൈവത്തിന്റെ ഭരണം പ്രഘോഷിക്കുകയും അതിനോടു സഭ ആഭിമുഖ്യം പുലർത്തുകയുമാണ് സഭയുടെ ദൗത്യം. ദൈവരാജ്യത്തിന്റെ സാക്ഷാത്ക്കരണവും പ്രത്യക്ഷോദാഹരണവുമാണ് യേശുക്രിസ്തു. അതുകൊണ്ട് സഭയ്ക്കു മാർഗ്ഗദർശനവും മാനദണ്ഡവുമായിരിക്കേണ്ടതു ക്രിസ്തുവിന്റെ വചനവും പ്രവൃത്തിയുമാണ്.

**3. ദൈവരാജ്യത്തിനു മാതൃക**

ലോകത്തിൽ സഭ എങ്ങനെ ആയിരിക്കണമെന്നു യേശു പറയുന്നു. സഭയ്ക്ക് ഉണ്ടായിരിക്കേണ്ട രണ്ടു സുപ്രധാന ഗുണങ്ങളെക്കുറിച്ച് മത്തായിയുടെ സുവിശേഷം. 5-ാം അദ്ധ്യായം 13-16 വാക്യങ്ങളിൽ കർത്താവ് സൂചിപ്പിക്കുന്നു. (1) ഭൂമിയുടെ ഉപ്പാകുക. (2) ലോകത്തിനു പ്രകാശമാകുക. സാധാരണക്കാരനു മനസ്സിലാകുന്ന നിത്യജീവിതത്തിൽ അനിവാര്യമായ രണ്ടു വസ്തുക്കളാണ് ഉപ്പും, വെളിച്ചവും. ഉപ്പിന് രസതന്ത്രത്തിലും, കച്ചവടത്തിലും, ഭക്ഷ്യവസ്തുക്കളിലും മറ്റുമായി 1500 ലേറെ ഉപയോഗങ്ങളുമുണ്ടത്രെ. അതുപോലെ യേശുവിന്റെ ശിഷ്യന്മാരേക്കൊണ്ട് ലോകത്തിനു എണ്ണമറ്റ ഉപയോഗം ഉണ്ടാകണം.

ഉപ്പ് രുചി വരുത്തുന്നു എങ്കിലും മറഞ്ഞിരിക്കുന്നു. നല്ല ഉപ്പ് എന്നു ആരും പറയുകയില്ല. ഉപ്പില്ലെങ്കിൽ എല്ലാവരും ശ്രദ്ധിക്കും. ഉപ്പിന്റെ സാന്നിദ്ധ്യം വെളിപ്പെടുന്നത് ഭക്ഷണത്തിന്റെ രുചിയിലാണ്. ലോകത്തിൽ സഭയുടെ സാന്നിദ്ധ്യം അറിയേണ്ടതു രുചി വരുത്തുന്നതിലൂടെയായിരിക്കണം.

ഉപ്പു സൗഖ്യശക്തിയുള്ള ഔഷധമാണ്. ശരീരത്തിൽ നീരു വരുന്ന ഭാഗങ്ങളിൽ ഉപ്പു വച്ച് സൗഖ്യം പ്രാപിക്കുന്നവരുണ്ട്. എന്നാൽ മുറിവിന് ഉപ്പു തേയ്ക്കാത്തവൻ എന്നൊരു ചൊല്ലുണ്ട്. ലോകത്തിന് സൗഖ്യം നൽകേണ്ട സഭാ മനുഷ്യരുടെ പലവിധ മുറിവുകൾക്ക് സൗഖ്യമേകുന്നുണ്ടോ? അതോ സൗഖ്യ ശക്തിയുള്ള ഉപ്പു മുറിവിൽ തേക്കാൻ കഴിയാത്ത അനുഭവമോ? ചിന്തിക്കണം! ചുരുക്കത്തിൽ ഉപ്പ് സ്നേഹത്തിന്റെ ചിഹ്നമാണ്. ഉടമ്പടി ബന്ധത്തിന്റെ അടയാളമാണ്. സൗഹൃദത്തിന്റെ മുഖമുദ്രയാണ്. സമാധാനത്തിന്റെ അച്ചാരമാണ്. പരസ്പര ധാരണയുടെ പ്രതീകമാണ്. നന്മയുടെ സ്വാധീനത്തിന്റെ തെളിവാണ്.

അങ്ങനെ ഉപ്പിന്റെ പ്രയോജനം ബഹുവിധമാണ്. എന്നാൽ അതിന്റെ രസം നഷ്ടപ്പെട്ടാൽ പിന്നെ അതു ഒന്നിനും ഉപകരിക്കുന്നില്ല. പുറത്തുകളഞ്ഞിട്ടു മനുഷ്യൻ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും കൊള്ളുന്നതല്ല. (വാക്യം. 14) ലോകത്തിനു രസം (രുചി) വരുത്തുവാൻ ലോകത്തിൽ ആക്കിയിരിക്കുന്ന സഭ അതിന്റെ രസം നഷ്ടപ്പെടുത്തുന്നുവോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

സഭയുടെ മറ്റൊരു ദൗത്യം അന്ധകാരത്തിൽ ഇരിക്കുന്നവർക്കു വിമോചനത്തിന്റെ പ്രകാശം കൊടുക്കുകയാണ്. ഞാൻ ലോകത്തിന്റെ വെളിച്ചമാണെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. (യോഹ: 8:12) തന്റെ ശിഷ്യന്മാരേയും കർത്താവ് ഈ പേരു തന്നെ വിളിച്ചിരിക്കുന്നു. വെളിച്ചത്തിന്റെ കർത്തവ്യം ഇരുട്ടിനെ നീക്കുക എന്നതാണല്ലോ! എങ്ങനെയാണ് ഇതു നിർവഹിക്കുക? വെളിച്ചം ഒളിച്ചു വയ്ക്കാതിരിക്കുക. വിളക്കു കത്തിച്ച് പറയിൻ കീഴിൽ അല്ല തണ്ടിയിന്മേലത്രേ വയ്ക്കുന്നത്. അതുകൊണ്ട് കർത്താവ് ശിഷ്യഗണത്തോടു പറയുകയാണ്, ''നിങ്ങൾ വിളക്ക് കത്തിച്ച് പറയിൻ കീഴിൽ വെയ്ക്കാതിരിപ്പാൻ സൂക്ഷിക്കണം.''

**എന്താണ് വെളിച്ചത്തിന്റെ പ്രത്യേകതകൾ**

(1) വെളിച്ചം നേർവഴിയിൽ കൂടി മാത്രം സഞ്ചരിക്കുന്നു. വളഞ്ഞ വഴികൾ സ്വീകാര്യമല്ല. (2) വെളിച്ചം നിശബ്ദമാണ്. ശബ്ദമില്ല, ബഹളമില്ല, അതു തനിയേ പ്രകാശിക്കുന്നു. (3) വെളിച്ചം ദിശ കാണിക്കുന്നു. നിശബ്ദമായി വഴി കാണിക്കുന്നു. നമ്മുടെ നല്ല പ്രവൃത്തി മറ്റുള്ളവർ കർത്താവിലേക്ക് തിരിയുവാൻ ഇടയാകണം. (4) വെളിച്ചം ശ്രദ്ധ ആകർഷിക്കുന്നു. ഇരുട്ടുമുറിയിൽ വിളക്കു കത്തിച്ച ശേഷം നോക്കുവാൻ ആരോടും പറയേണ്ട കാര്യമില്ല. സ്വഭാവികമായും അതു സംഭവിച്ചിരിക്കും. മറ്റുള്ളവരെ ആകർഷിക്കുവാൻ നമ്മൾ പ്രകാശിച്ചാൽ മതി. നമുക്കു പ്രകാശമായി തീരാം.

□

*ജീവചരിത്രം*

# മഹാനായ പോൾ ജൂലിയസ് റോയിട്ടർ

**തോമസ് എബ്രഹാം, മല്ലപ്പിള്ളി**

**നാം** വർത്തമാനപത്രങ്ങൾ നിവർത്തിനോക്കുമ്പോൾ അവയിലെ പ്രധാന വാർത്തകളുടേയും ഫോട്ടോകളുടെയും തലക്കെട്ടുകൾക്ക് താഴെയായി യു.പി.ഐ., പി.റ്റി.ഐ. റോയിട്ടർ മുതലായ പദങ്ങൾ കാണാറുണ്ട്. ഇവയെല്ലാം തന്നെ വാർത്തകളുടെയോ, ഫോട്ടോകളുടെയോ ഉത്തരവാദിത്തം അല്ലെങ്കിൽ ഉടമസ്ഥാവകാശം ആരിൽ നിക്ഷിപ്തമായിരിക്കുന്നു എന്ന് നമ്മെ മനസിലാക്കുന്നു. ഈ വാർത്താവിതരണ ഏജൻസികളെല്ലാം ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് വസ്തുനിഷ്ടവും ചൂടുമാറാത്തതുമായ വാർത്തകൾ ശേഖരിച്ച് പത്രങ്ങൾക്ക് വിതരണംചെയ്യുന്നു. ഇവയിൽ പ്രഥമ സ്ഥാനമർഹിക്കുന്നതും, ലണ്ടൻ കേന്ദ്രമാക്കി ആഗോളവ്യാപകമായി പ്രവർത്തിക്കുന്നതുമായ വാർത്താവിതരണ ഏജൻസി 'റോയിട്ടറു'ടെ സ്ഥാപകനത്രേ മഹാനായ പോൾ ജൂലിയസ് റോയിട്ടർ.

**ക്രിസ്ത്യാനിയായി തീർന്ന റോയിട്ടർ**

1816 – ജൂലൈ 20–നു ജർമ്മനിയിലെ കാസ്സൽ എന്ന സ്ഥലത്ത് തന്റെ മാതാപിതാക്കളുടെ ത്രിതീയ പുത്രനായി മഹാനായ റോയിട്ടർ ജനിച്ചു. യഹൂദമതാചാര്യനായിരുന്ന പിതാവ് - സാമുവേൽ ലേവി-തന്റെ ഓമനപുത്രന് 'ഇസ്രായേൽ ബീർ' എന്ന് നാമകരണം ചെയ്തു. ബാല്യം മുതലേ യഹൂദമതാനുശാസനങ്ങളിൽ പ്രതിപത്തി പ്രകടിപ്പിച്ചിരുന്ന ഇസ്രായേൽ ബീർ പിതാവിൽനിന്ന് ഈ വിഷയത്തിൽ നല്ല പാണ്ഡ്യത്യവും നേടി. പക്ഷേ ബർലിനിൽ വച്ച് ഒരു ക്രൈസ്തവപുരോഹിതന്റെ മതോപദേശം കേട്ട് ക്രൈസ്തവ തത്വസംഹിതകളിൽ ആകൃഷ്ടനായ ഇസ്രായേൽ ബീർ 1844–ൽ തന്റെ 28–ാ മത്തെ വയസ്സിൽ ഒരു ക്രിസ്ത്യാനിയായിത്തീരുകയും പോൾ ജൂലിയസ് റോയിട്ടർ എന്ന പേർ സ്വീകരിക്കുകയും ചെയ്തു.

ക്രിസ്ത്യാനിയായിതീർന്ന റോയിട്ടർ ബർലിനിലെ ഒരു വ്യവസായ പ്രമുഖന്റെ മകളായ മേരിയാ മാഗ്നറ്റസുമായി സ്നേഹബന്ധത്തിലായി. താമസിയാതെ അവരുടെ വിവാഹം സമാഘോഷിക്കപ്പെട്ടു. റോയിട്ടറുടെ ഭാവിജീവിതത്തിൽ അദ്ദേഹത്തിനഭിമുഖീകരിക്കേണ്ടി വന്ന പരീക്ഷണഘട്ടങ്ങളെല്ലാം അതിജീവിക്കുന്നതിന് മേരിമാഗ്നറ്റ്സ് ഒരു താങ്ങും തണലുമായി നിലകൊണ്ടു.

**ഒരു ബാങ്ക് ജോലിക്കാരനായ റോയിട്ടർ**

ഒരു വലിയ വ്യവസായി ആയിതീരണമെന്നുള്ള ആഗ്രഹം ചെറുപ്പം മുതലേ റോയിട്ടറിൽ മൊട്ടിട്ടുനിന്നിരുന്നു. പക്ഷെ പെട്ടെന്നുണ്ടായ പിതാവിന്റെ വേർപാട് കുടുംബ പ്രാരാബ്ധങ്ങളെ ബാലനായ റോയിട്ടറുടെ ചുമലിൽ വലിച്ചുവച്ചു. ഇതോടെ ഒരു വ്യവസായ പ്രമുഖനായിതീരണമെന്നുള്ള റോയിട്ടറുടെ ആഗ്രഹം ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ചു. ജീവിതായോദ്ധനത്തിനുവേണ്ടി മനസ്സില്ലാമനസ്സോടെ; തന്റെ അഭിരുചിക്കും അഭിലാഷങ്ങൾക്കും വിപരീതമായി 1830–ൽ തന്റെ 14–ാം മത്തെ വയസിൽ ഒരു ബാങ്ക് ക്ലാർക്കായി ജോലി സ്വീകരിക്കുവാൻ റോയിട്ടർ നിർബന്ധിതനായി.

**പ്രസാധകനും, പത്രപ്രവർത്തകനുമായ റോയിട്ടർ**

മുഷിപ്പനും, വിരസവും തുച്ഛമായ വരുമാനത്തോടുകൂടിയതുമായ ബാങ്ക് ജോലിയിൽ വീർപ്പുമുട്ടിയ റോയിട്ടറുടെ ഭാവന ഇതിനകം പല വ്യവസായിക സംരംഭങ്ങളിലും പരാതി നോക്കികഴിഞ്ഞിരുന്നു. ബാങ്ക് ജോലി ഉപേക്ഷിച്ച റോയിട്ടർ ബർലിനിൽ എത്തി തന്റെ ഒരു ബന്ധുവിന്റെ സഹായത്തോടുകൂടി "റോയിട്ടർ ആൻഡ് ഗാർഡറ്റ്" എന്ന പേരിൽ അറിയപ്പെട്ടിരുന്നതും പിൽക്കാലത്ത് "സ്റ്റാർ ഗാർഡറ്റ്" എന്ന പേരിൽ അറിഞ്ഞുപോരുന്നതുമായ പുസ്തകപ്രസിദ്ധീകരണ ശാലയ്ക്ക് തുടക്കമിട്ടു. തന്റെ പുതിയ സംരംഭത്തിൽ വേണ്ടവണ്ണം ശോഭിക്കാൻ കഴിയാതെവന്ന റോയിട്ടർ ബർലിനിൽ നിന്ന് പാരീസിൽ എത്തി. അവിടെ ചാൾസ് ഹോവാർഡ് എന്ന വ്യവസായപ്രമുഖന്റെ ആഫീസിൽ ഒരു പരിഭാഷകനായി ജോലി സ്വീകരിച്ചു. പക്ഷെ തന്റെ മേലധികാരിയിൽ നിന്ന് ഉണ്ടായ ധിക്കാരപരമായ പെരുമാറ്റത്താൽ വ്രണപ്പെട്ട അഭിമാനബോധവുമായി ആഫീസ് വിട്ടിറങ്ങിയ റോയിട്ടർ സ്വന്തമായി ഒരു വർത്തമാനപത്ര പ്രസിദ്ധീകരണം ആരംഭിച്ചു. അന്നു യൂറോപ്പിലുണ്ടായിരുന്ന പത്രപ്രവർത്തന സ്വാതന്ത്ര്യത്തെ റോയിട്ടർ തക്കത്തിലുപയോഗിച്ചു. ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ റോയിട്ടർ യൂറോപ്പിലെ തലയെടുപ്പുള്ള രാഷ്ട്രീയ നേതാക്കളും, ബുദ്ധിജീവികളുമായി ഇടപഴകി സ്വതന്ത്രവും മൂർച്ചയേറിയതുമായ നിരൂപണങ്ങളായിരുന്നു തന്റെ പത്രപ്രവർത്തനത്തിന്റെ മാനദണ്ഡമായി റോയിട്ടർ

സ്വീകരിച്ചത്. ഇതോടുകൂടി റോയിട്ടറെ ലോകം അറിയാൻ തുടങ്ങി. റോയിട്ടറുടെ ആഫീസും, അച്ചടിശാലയും, ഗോഡൗണും എല്ലാം തന്റെ കൊച്ചുഭവനത്തിൽതന്നെയായിരുന്നു. പത്രപ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളിലെ എല്ലാ ജോലികളും റോയിട്ടർ തന്റെ സഹധർമ്മിണി മേരിയാ മാഗ്നറ്റസുമൊത്ത് രാപകലെന്യേ കഠിനാദ്ധ്വാനം ചെയ്ത് നിർവ്വഹിച്ചുപോന്നു. തന്റെ ഭർത്താവിന്റെ പത്രപ്രവർത്തനരംഗത്തെ ജയാപജയങ്ങളിലെല്ലാം ശക്തി പകർന്ന് കൊടുത്ത് മേരിയാ ഒരു താങ്ങും തണലുമായി വർത്തിച്ചിരുന്നു. പക്ഷെ താമസിയാതെ ഋണബാധ്യതയിൽ മുങ്ങി പരാജയപ്പെട്ട തന്റെ പത്രപ്രവർത്തനം നിറുത്തി ബർലിനിലേക്ക് മടങ്ങുവാൻ റോയിട്ടർ നിർബന്ധിതനായി.

**റോയിട്ടറുടെ പുതിയ ആശയവും, പീജിയൻ സർവ്വീസും**

നിസ്തന്ദ്രമായ പ്രയത്നത്തിന്റേയും, അടങ്ങാത്ത ഭാവനകളുടെയും ഉടമയായിരുന്ന റോയിട്ടർ ജർമ്മനിയിൽ എത്തി സമയം പാഴാക്കാതെ ആച്ചനിൽ ഒരു ടെലഗ്രാഫ് ഓഫീസ് തുടങ്ങി. തന്റെ പുതിയ ആശയത്തിന് രൂപം നൽകി. കുശാഗ്രബുദ്ധിയായ റോയിട്ടർ വ്യാപാരസിരാകേന്ദ്രങ്ങളിൽ നിന്ന് വ്യാപാരനിലവാരവും, സ്റ്റോക്ക് എക്സ്ചേഞ്ച് നിരക്കും കരസ്ഥമാക്കി വ്യവസായികൾക്കും, ബാങ്കറന്മാർക്കും അപ്പഴപ്പോൾ വിതരണം ചെയ്തു തുടങ്ങി. പുതിയ പദ്ധതി പ്രയോജനപ്രദം എന്നു കണ്ട വ്യവസായികൾ റോയിട്ടറെ പ്രോത്സാഹിപ്പിച്ചുപോന്നു. പക്ഷേ അന്നത്തെ വ്യാപാരസിരാകേന്ദ്രങ്ങളായ ബർലിനും, പാരീസും തമ്മിൽ ട്രെയിൻ സർവ്വീസ് ഉണ്ടായിരുന്നെങ്കിലും ടെലഗ്രാഫ് കമ്മ്യൂണിക്കേഷൻ സർവ്വീസിന്റെ അഭാവം റോയിട്ടറുടെ വാർത്താവിതരണത്തെയും സാരമായി ബാധിച്ചു. പരിശ്രമശാലിയായിരുന്ന റോയിട്ടറുടെ ഭാവന ഇതിനൊരു പരിഹാരം നിർദ്ദേശിച്ചു. അതായത് പ്രത്യേകം പരിശീലിപ്പിച്ച പ്രാവുകളെ അവയുടെ ചിറകുകളിൽ ചൂടുമാറാത്ത വ്യാപാര നിലവാരകുറിപ്പുകൾ ബന്ധിച്ച് പാരീസിൽ നിന്ന് ബർലിനിലേക്കും ബർലിനിൽ നിന്നു പാരീസിലേക്കും അയച്ചുപോന്നു. ചില പോരായ്മകൾ ഉണ്ടൈായിരുന്നെങ്കിലും ഈ മാർഗ്ഗം ട്രെയിൻ സർവ്വീസ് വഴി വാർത്തകൾ ലഭ്യമാകുന്നതിനേക്കാൾ പതിന്മടങ്ങ് വേഗത്തിൽ ലഭിക്കുന്നതിന് ഉപകരിച്ചു. ഇപ്രകാരം പ്രാവുകൾ വഹിച്ചുകൊണ്ടുവന്നിരുന്ന വാർത്തകൾ റോയിട്ടർ ശേഖരിച്ച് ചൂടാറാതെ വ്യവസായികൾക്ക് വിതരണം ചെയ്തുകൊണ്ടിരുന്നു. പക്ഷെ ദൗർഭാഗ്യം റോയിട്ടറെ ഈ സംരംഭത്തിലും വിട്ടുമാറാതെ പിന്തുടർന്നു. പിൽക്കാലങ്ങളിൽ ചാരസംഘടനകൾ യുദ്ധമുന്നണികളിലും ഈ തന്ത്രം വിജയകരമായി പ്രയോഗിച്ചു.

**റോയിട്ടർ ലണ്ടനിൽ**

പ്രതിഭാശാലിയായ റോയിട്ടർ തനിക്ക് ഒന്നിനു പുറകെ ഒന്നായി അഭിമുഖീകരിക്കേണ്ടിവന്ന പരാജയങ്ങളെയും പരീക്ഷണഘട്ടങ്ങളെയും പതറാത്ത ഹൃദയത്തോടും, വറ്റിപോകാത്ത ആശയങ്ങളോടും കൂടി അതിജീവിച്ച് 1851-ൽ ലോകതലസ്ഥാനവും, ധനകാര്യസിരാകേന്ദ്രവുമായ ലണ്ടനിൽ ചെന്നിറങ്ങി.

റോയിട്ടറുടെ ഇവിടംമുതലുള്ള എല്ലാ പ്രവർത്തനരംഗങ്ങളിലും ഭാഗ്യദേവത വിട്ടുമാറാതെ അദ്ദേഹത്തെ കടാക്ഷിച്ചുകൊണ്ടിരുന്നു. സൂര്യനസ്തമിക്കാത്ത മഹാസാമ്രാജ്യത്തിന്റെ തലസ്ഥാനത്തെത്തിയ റോയിട്ടർ അവിടെ ഒരു ടൊലോഗ്രാഫ് ആഫീസ് തുടങ്ങുകയും തനിക്കു കിട്ടിയ അവസരത്തെ ശരിക്കു ചൂഷണം ചെയ്യുകയും ചെയ്തു. റോയിട്ടർ, പത്രമുടമകളും വ്യവസായികളുമായി ഇടപഴകി വ്യാപാരനിലവാരവും, എക്സ്ചേഞ്ച് നിരക്കും ചൂടുമാറാതെ ശേഖരിച്ച് കുറഞ്ഞനിരക്കിൽ വിതരണം ചെയ്തു തുടങ്ങി. റോയിട്ടറുടെ ന്യൂസ് സർവ്വീസ് തങ്ങളുടെ പത്രത്തിന്റെ പ്രചാരണം വർദ്ധിപ്പിക്കുവാൻ ഉപയോഗിക്കാമെന്ന് മനസ്സിലാക്കിയ ലണ്ടനിലെ മിക്ക പത്രമുടമകളും നല്ല പ്രതിഫലം കൊടുത്ത് വാർത്തകൾ സ്വീകരിക്കുവാൻ തുടങ്ങി. താമസംവിനാ റോയിട്ടർ രാഷ്ട്രീയ വാർത്തകളുടെ വിതരണം ആരംഭിച്ചു. അദ്ദേഹം നല്കിയ വാർത്തകൾ നിറം കലരാത്തതും സുതാര്യവും ആയിരുന്നു. താൻ നല്കുന്ന വാർത്തകളുടെ മുകളിലായി “റോയിട്ടർ എന്ന് അച്ചടിക്കുവാൻ പത്രമുടമകളെ നിഷ്കർഷിക്കുകയും ചെയ്തു. തന്റെ ന്യൂസ് സർവ്വീസിന്റെ പ്രവർത്തനം ലോകത്തിന്റെ നാനാഭാഗത്തേക്കും വ്യാപിപ്പിച്ച് റോയിട്ടർ ലോകപ്രസിദ്ധനായി.

ഒരു താണ ബാങ്ക് ജീവനക്കാരനായി ജീവിതമാരംഭിച്ച റോയിട്ടർക്ക് തന്റെ പിൽക്കാല പ്രവർത്തനങ്ങളുടെയും, പ്രശസ്തിയുടെയും അംഗീകാരമെന്ന നിലയിൽ പ്രഭുസ്ഥാനം ലഭിച്ചു. 1899 ഫെബ്രുവരി 25-ന് ലോർഡ് പോൾ ജൂലിയസ് റോയിട്ടർ അന്തരിച്ചു.

ആദ്യകാലങ്ങളിൽ റോയിട്ടേഴ്സ് ഒരു കുടുംബകമ്പനിയായി പ്രവർത്തിച്ചുപോന്നു. റോയിട്ടേഴ്സ് ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ശാഖകളും, ഏജൻസികളും ഏർപ്പെടുത്തി പ്രശസ്തിയുടെ കൊടുമുടികൾ കീഴടക്കി. സാങ്കേതികവിദ്യയുടെ വളർച്ചയുടെ ആദ്യകാലഘട്ടങ്ങളിൽ തുടക്കമിട്ട് ശാസ്ത്രസാങ്കേതിക യുഗത്തിന്റെ മികവ് ആവോളം പ്രയോജനപ്പെടുത്തി റോയിട്ടേഴ്സ് ലോകമാദ്ധ്യമരംഗത്ത് മഹാനായ പോൾ ജൂലിയസ് റോയിട്ടറുടെ ചിരാഭിലാഷസാക്ഷാത്കാരത്തിന്റെ ശാശ്വതസ്മാരകമായി പ്രശോഭിക്കുന്നു.

RNI No. KERMAL/2012/46014 | Date of Publication 15-9-2017 | Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 | Price Rs. 10/- | Licensed to Post Without Pre-payment



## ഓണാഘോഷം

മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വിവിധ പരിപാടികളോടെ ഓണാഘോഷം നടത്തി. സെപ്റ്റംബർ 1-ാം തീയതി കുട്ടമ്പുഴ ടൗണിൽ നിന്ന് 22 കിലോമീറ്റർ വനാന്തരത്തിലുള്ള വാരിയം ആദിവാസി കോളനിയിൽ 200 പേർക്ക് ഓണക്കോടി വിതരണം ചെയ്തുകൊണ്ട് ഓണാഘോഷ പരിപാടികൾ ആരംഭിച്ചു. വികാരി ഫാ. എഡ്വേർഡ് ജോർജ്, ഫൈനാൻസ് സൂപ്രണ്ട് ബാലു വർഗീസ്, സെക്രട്ടറി സജി ജോൺ ഇവരുടെ നേതൃത്വത്തിൽ യൂത്ത് മൂവ്മെന്റ് അംഗങ്ങൾ വാരിയം കോളനിയിലെ പരിപാടികൾക്ക് നേതൃത്വം നൽകി.

സെപ്റ്റംബർ 2, 3 തീയതികളിൽ വിവിധ കലാകായിക മത്സരങ്ങളോടെ ഓണാഘോഷം പള്ളിയങ്കണത്തിൽ നടത്തപ്പെട്ടു. 3-ാം തീയതി ഞായറാഴ്ച യുവതീയുവാക്കളുടെ കലാ-കായിക മത്സരങ്ങൾ പരിപാടികൾക്ക് മാറ്റ് കൂട്ടി. സെക്രട്ടറി ബിനീഷ് പറക്കോട്ടിൽ, എബിൻ റോയി, ഷൈൻ പീറ്റർ, എൽദോസ് കാട്ടൂർ, റ്റീന തോമസ്, എ.പി. സജി, എന്നിവർ നേതൃത്വം നൽകി. ഓണസദ്യയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ വച്ച് മത്സരവിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു.

## മേഖലാ സമ്മേളനം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനയുവജന പ്രസ്ഥാനത്തിന്റെ കോലഞ്ചേരി മേഖലാ സമ്മേളനം മാമലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്നു. വികാരി ഫാ. ജോർജ് വേമ്പനാട്ട് യോഗം ഉദ്ഘാടനം ചെയ്തു. യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ബാബു അബ്രാഹം അദ്ധ്യക്ഷനായിരുന്നു. ഫാ. വിജു ഏലിയാസ് മുഖ്യസന്ദേശം നൽകി. ഭദ്രാസന യുവജന പ്രസ്ഥാനം സെക്രട്ടറി ബിജോ പോൾ സംസാരിച്ചു.

## അഭിനന്ദനങ്ങൾ

മൂവാറ്റുപുഴ ഡിസ്ട്രിക്റ്റ് തലത്തിലുള്ള സഹപാഠ്യ മത്സരങ്ങൾ പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്നു. അതിൽ ഒന്നാംസ്ഥാനം മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രൽ സൺഡേസ്കൂൾ കരസ്ഥമാക്കി. ഡയോസിസൻ ബുള്ളറ്റിനിന്റെ അഭിനന്ദനങ്ങൾ.



Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha